# താമരമൊട്ടുകൾ

വാല്യം 23 | ഫെബ്രുവരി 2021 | ലക്കം 02 | Price ₹20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ഫെബ്രുവരി 2021 ലക്കം 02

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 63 |
| 2. | ഫെബ്രുവരി 2021 | 64 |
| 3. | സർക്കുലർ *02/2021* | 65 |
| 4. | ഇടയലേഖനം *01/2021* | 68 |
| 5. | സർക്കുലർ | 75 |
| 6. | 54-ാം ലോക സമാധാനം ദിനാചരണം | 81 |
| 7. | 29-ാം ലോകരോഗീദിനം - 2021 | 94 |
| 8. | കച്ചേരിക്കാര്യം | 100 |
| 9. | വൊക്കേഷൻ ബ്യൂറോ | 104 |
| 10. | മതബോധനം | 105 |
| 11. | ബൈബിൾ അപ്പോസ്തലേറ്റ് | 107 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 113 |
| 13. | തിരുബാലസഖ്യം | 115 |
| 14. | കെ.സി.വൈ.എം | 116 |
| 15. | ലിറ്റർജി കമ്മീഷൻ | 120 |
| 16. | മാതൃവേദി | 122 |
| 17. | കരിസ്മാറ്റിക് മൂവ്മെന്റ് | 123 |
| 18. | ആദരാഞ്ജലികൾ | 125 |
| 19. | ബഥാനിയ ധ്യാനകേന്ദ്രം | 127 |
| 20. | എ.കെ.സി.സി | 129 |
| 22. | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | 131 |
| 21. | പോപ്പ് ജോൺ പോൺ II ഇൻസ്റ്റിറ്റ്യൂട്ട് | 132 |
| 22. | സ്റ്റാർട്ട് | 133 |
| 23. | അൽഫോൻസ കോളേജ് തിരുവമ്പാടി | 134 |
| 24. | അജപാലനക്കുറിപ്പുകൾ | 140 |

# Birth Day Greetings

Rev. Fathers

| | |
|---|---|
| Vellaramkalayil George | 1 |
| Muttathukudiyil Dominic | 8 |
| Chennickara Antony | 12 |
| Palakkattu Joseph | 13 |
| Varakil Antony | 13 |
| Nedumala Zacharias | 14 |
| Pulichamakkal Joseph | 16 |
| Cherupillattu Varkey | 17 |
| Kizhakkekunnel Simon | 17 |
| Kalarickal Thomas | 19 |
| Pazhukunnel Johnson | 19 |
| Kizhakkarakatt Augustine (Sr) | 19 |
| Chuvappunkal Thomas | 24 |
| Aranjaniolickal Joseph (Sr) | 25 |
| Pottananickal Ephrem | 25 |
| Thalachirakuzhi Kurian | 25 |
| Mattakottil Mathew | 27 |
| Kizhakkarakatt Augustine (Jr) | 27 |
| Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

# ഫെബ്രുവരി 2021

| | | |
|---|---|---|
| 02 | ചൊവ്വ | പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 04 | ചൊവ്വ | വി. ജോൺ ബ്രിട്ടോ |
| 05 | വെള്ളി | ഗ്രീക്ക് സഭാപിതാക്കന്മാർ |
| 11 | വ്യാഴം | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | **ചരമദിനം: ഫാ. പോൾ കളപ്പുര (1998)** |
| 14 | ഞായർ | **വലിയ നോമ്പ് ആരംഭം, പേത്തുർത്ത** |
| | | തിരുബാലസഖ്യദിനം |
| 15 | തിങ്കൾ | **വിഭൂതി** |
| 24 | ബുധൻ | **ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ (2011)** |
| 25 | വ്യാഴം | **വാ. സി. റാണി മരിയ** |



*സർക്കുലർ 02/2021*

# യുവജനങ്ങൾക്ക് ആശംസകൾ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളത്തിലെ 32 രൂപതകൾ മാറ്റുരച്ച 'യുവ 2020' എന്ന കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ താമരശ്ശേരി രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി ഒന്നാംസ്ഥാനം കരസ്ഥമാക്കി. രണ്ടാംസ്ഥാനത്തെത്തിയ രൂപതയെക്കാൾ 40 പോയിന്റ് അധികം നേടിയാണ് താമരശ്ശേരി രൂപതയിലെ മിടുക്കരായ യുവതീയുവാക്കൾ ഈ ചരിത്രനേട്ടം സ്വന്തമാക്കിയത്. താമരശ്ശേരി രൂപതയിലെ യുവജന ങ്ങൾ കൈവരിച്ച ശ്രദ്ധാർഹമായ ഈ നേട്ടത്തെ പ്രശംസിക്കുന്നതി നും അവരുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളെ വിലമതിക്കുന്ന തിനും ഞാനാഗ്രഹിക്കുന്നു.

കൊറോണകാലത്തെ പ്രതിസന്ധികളുടെ നടുവിലും നമ്മുടെ യുവജനങ്ങളും യുവജനപ്രസ്ഥാനവും കർമ്മനിരതരായിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. യുവജനങ്ങൾക്കുവേണ്ടിയുള്ള അപ്പസ്തോലിക പ്രബോധനം 'ക്രിസ്തുസ് വിവിതി'ൽ പറയുന്നതു പോലെ "യേശുവിന്റെ അത്ഭുതത്തിലേതുപോലെ യുവജനങ്ങൾ നല്കുന്ന അപ്പത്തിനും മീനിനും വർദ്ധിക്കാൻ കഴിയും (യോഹ. 6:4-13), യുവജനങ്ങൾ വിതയ്ക്കുന്ന ചെറിയ വിത്തുകൾക്ക് സമ്പന്നമായ വിളവ് നൽകാൻ കഴിയും" (മത്തായി 13: 23) (ക്രിസ്തുസ് വിവിത് 173). നമ്മുടെ യുവജനങ്ങൾ ക്രൈസ്തവമായ ബോധ്യത്തോടെ കർമ്മ വീഥിയിലേക്ക് ഇറങ്ങുമ്പോൾ ഈശോ ആഗ്രഹിക്കുന്ന നന്മ അവരുടെ പ്രവർത്തികളിലൂടെ സംഭവിക്കുന്നു.

പ്രതിസന്ധിയുടെ ഈ കൊറോണ കാലത്ത് വ്യത്യസ്ത മാർഗ്ഗ ങ്ങളിലൂടെ സാമൂഹ്യപ്രതിബദ്ധതയുള്ള വിഷയങ്ങളിൽ സജീവമായി ഇടപെട്ട നമ്മുടെ കെ.സി.വൈ.എം. പ്രവർത്തകർ വലിയ പ്രതീക്ഷയാണ് നമുക്ക് നല്കുന്നത്. 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്ന് അഭിസംബോധന ചെയ്ത് സംഭാഷണം ആരംഭിക്കാ നുള്ള അവരുടെ തീരുമാനത്തിന് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് വലിയ സ്വീകാര്യത ലഭിക്കുകയുണ്ടായി. താമരശ്ശേരി രൂപതയിലെ യുവജനങ്ങൾ മീഡിയ സെൽ വഴി പുറത്തിറക്കിയ 'കർത്താവിനെ തേക്കുന്നവരോട്' എന്ന പ്രോഗ്രാം സാമൂഹ്യമാധ്യമങ്ങളിൽ ഏറെ ചർച്ചയായിരുന്നു.

"ചെറിയ സംഘങ്ങളുടെ അപ്പുറത്തേക്ക് കടക്കുവാനും എല്ലാവ രുടെയും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സാമൂഹിക സൗഹൃദം നിർമ്മിക്കാനുമുള്ള..." (ക്രിസ്തുസ് വിവിത് 169), ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനത്തിന്റെ ഏറ്റവും നല്ല മാതൃക യാവുകയാണ് താമരശ്ശേരി രൂപതയിലെ യുവജനപ്രസ്ഥാനം. കാരണം, വർഷങ്ങളായി ക്രൈസ്തവർ അഭിമുഖീക രിച്ചുകൊണ്ടി രിക്കുന്ന ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനത്തിന് എതിരെ ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുവാനും ന്യൂനപക്ഷ കമ്മീഷനുമു മ്പിൽ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥയെ കുറിച്ച് പഠിക്കാനുള്ള സമിതിയെ രൂപീകരിക്കാൻ സമ്മർദ്ദം ചെലുത്തുവാനും ബഫർ സോൺ വിഷയത്തിൽ രൂപതയിൽ ആദ്യമായി സമരപരിപാടിക ളുമായി രംഗത്തുവരുവാനും താമരശ്ശേരി രൂപതയിലെ യുവജന ങ്ങൾക്ക് സാധിച്ചു. ഇ.ഡബ്ല്യു.എസ്. സംവരണത്തിന്റെ സാധ്യതകളെ അർഹരായവരിലെത്തിക്കുവാൻ കെ. സി.വൈ.എം. കാണിച്ച നിതാന്ത ജഗ്രതയും അശ്രാന്ത പരിശ്രമവും സമുദായത്തോട് യുവജങ്ങൾക്കുള്ള സ്നേഹവും കൂറും വ്യക്തമാക്കുന്നതാണ്. യുവജനങ്ങൾ ഇന്ന് നേരിടുന്ന, സ്നേഹബന്ധത്തിന്റെ മുഖംമൂടി ധരിച്ച ചതിക്കുഴികളെ കുറിച്ച്, രൂപതയിലെ ഇടവകകൾ തോറും നടത്തിയ ബോധവൽക്കരണ സെമിനാറുകളും, 'പ്രണയമന്ത്രം' എന്ന നാടകവും പ്രശംസനീ യമാണ്. ലോക്ഡൗൺ കാലത്ത് യുവജനങ്ങളുടെ മാനസികവും ആത്മീയവരും കായികവും കലാപരവും ഭൗതികവുമായ കഴിവുകളെ പുറത്തുകൊണ്ടുവരാൻ വിവിധങ്ങളായ ഓൺലൈൻ ചലഞ്ചുക ളിലൂടെ ശ്രമിക്കുകയുണ്ടായി. അതോടൊപ്പം യുവജനങ്ങളുടെ നേതൃ ത്വത്തിൽ നടത്തിയ കൃഷികൾ നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കാ രത്തെ പുനഃപ്രതിഷ്ഠിക്കുന്നതിന് സഹായകമായി.


ക്രൈസ്തവ സമൂഹം സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ പ്രതിസന്ധികളലൂടെ കടന്നുപോുന്ന ഈ കാലഘട്ടത്തിൽ, ഒറ്റയ്ക്ക് നിന്ന് പൊരുതുന്ന തിനെക്കാൾ ഒറ്റക്കെട്ടായി നമ്മുടെ അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുവാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ.

താമരശ്ശേരി രൂപത കെ.സി.വൈ.എം. (എസ്.എം.വൈ.എം) പ്രസിഡണ്ട് ശ്രീ. വിശാഖ് തോമസിനെയും സമിതിയംഗങ്ങളെയും അവരോട് ചേർന്ന് പ്രവർത്തിക്കുന്ന കർമ്മനിരതരായ യുവജനങ്ങളെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. യുവജന പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന ഡയറക്ടർ ബഹു. ജോർജ്ജ് വെള്ളക്കാകുടിയച്ചനെയും, അസി. ഡയറക്ടർ ബഹു. മാത്യു തൂമുള്ളിയച്ചനെയും ആനിമേറ്റർ സി. ഷാർലറ്റ് സി.എം.,സിയെയും അവരുടെ സഹായികളായി പ്രവർ ത്തിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാത്തിലൂടെ

വളർന്നുവരുവാൻ മക്കളെ പ്രോത്സാഹി പ്പിക്കണമെന്ന് മാതാപിതാക്കളെയും, യൂണിറ്റ്തലം മുതൽ യുവജന പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ കാര്യക്ഷമമായ ഇടപെടലുകൾ നടത്തണമെന്ന് വികാരിയച്ചന്മാരെയും സ്നേഹപൂർവ്വം ഓർമ്മിപ്പി ക്കുന്നു.

പ്രിയപ്പെട്ട യുവജനങ്ങളേ, ഒറ്റയ്ക്ക് നിന്ന് തളരാതെ ഒരുമിച്ച് മുന്നേറുവാൻ സംഘടനാപ്രവർത്തനം നിങ്ങളെ ശക്തരാക്കട്ടെ. കൂട്ടായ്മയുടെ ശക്തിയും സൗഹൃദത്തിന്റെ ആഴവും തിരിച്ചറിയുന്ന ലക്ഷ്യബോധമുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ ഈ സംഘടന നിങ്ങൾക്ക് പ്രചോദനം നൽകട്ടെ. നിങ്ങൾക്ക് എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,
നിങ്ങളുടെ വത്സലപിതാവ്



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ ഫെബ്രുവരി 7-ാം നമ്മുടെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.



*ഇടയലേഖനം 01/2021*

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും സന്യാസി-സന്യാസിനികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, മാതാപിതാ ക്കളെ, യുവജനങ്ങളെ, വാത്സ്യല്യമുള്ള കുഞ്ഞുമക്കളേ,

ഈശോയുടെ പീഡാസഹനമരണ ഉത്ഥാന രഹസ്യങ്ങളെ ധ്യാനിച്ച് നവചൈതന്യത്തിലേക്ക് വളരുവാൻ ആഹ്വാനം ചെയ്തുകൊണ്ട് നോമ്പുകാലം ആഗതമാവുകയാണ്. നമ്മുടെ ജീവിതത്തിന്റെ നിസ്സാരതയെയും ക്ഷണികതയെയും ഓർമ്മിപ്പിച്ച് തിന്മയെ ഉപേക്ഷിക്കണ മെന്നും നന്മയിലും വിശുദ്ധിയിലും വളരണമെന്നും ഓർമ്മപ്പെടു ത്തുന്ന ആത്മീയതയുടെ ലാവണ്യമുള്ള ദിവസങ്ങളാണത്. "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിച്ചുവയ്ക്കപ്പെട്ട കൈകളിൽ നോട്ടം ഉറ പ്പിച്ച്, വലിയ സ്നേഹത്തോടെ ചിന്തപ്പെട്ട അവിടുത്തെ രക്തത്തെപ്പറ്റി ധ്യാനിച്ച്, ശുദ്ധീകരിക്കപ്പെട്ട്, പുതിയ വ്യക്തിയായി വീണ്ടും ജനി ക്കുവാൻ പരിശ്രമിക്കുന്ന കാലമാണത്" (cf. ക്രിസ്തു ജീവിക്കുന്നു, 123 ഫ്രാൻസിസ് മാർപാപ്പ). ദനഹാകാലത്തിനു ശേഷമുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും അനുതാപത്തിനും പ്രായശ്ചിത്തത്തിനുമായി തിരുസഭ നീക്കിവച്ചിരിക്കുന്നു. പാപം വഴി ദൈവത്തിൽ നിന്ന് അകന്ന ദൈവമക്കളായ നാം, ദൈവത്തിന്റെ അനന്ത കരുണയെ മനനം ചെയ്ത് അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ചൈതന്യം സ്വീകരിച്ച് ദൈവൈക്യത്തിലേയ്ക്ക് വളരുവാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

ജീവിത നവീകരണമാണ് നോമ്പിന്റെ ലക്ഷ്യം. 'കോവിഡ് - 19' ഏൽപിച്ച പ്രഹരങ്ങളുടെ നൊമ്പരങ്ങളുമായി ലോകം വിറങ്ങലിച്ചു നിൽക്കുമ്പോഴും, ഈ മഹാമാരി പഠിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ നോമ്പുകാലത്ത് നാം ഉൾക്കൊള്ളേണ്ടതുണ്ട്. ആവിലായിലെ അമ്മത്രേസ്യയുടെ വാക്കുകൾ ചിന്തോദ്ദീപകമാണ്. "നമ്മിലേക്ക് പ്രവേശിക്കാതെ, നമ്മെത്തന്നെ അറിയാതെ,

നമ്മുടെ ദുരിതത്തെയും നാം ദൈവത്തോട് കടപ്പെട്ടിരിക്കുന്നവയെയും കുറിച്ച് ചിന്തിക്കാതെ, അവിടുത്തെ കാരുണ്യം യാചിക്കാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്നു വിചാരിക്കുന്നത് മൗഢ്യമാണ്.'' മനുഷ്യജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മനുഷ്യന്റെ പരിമിതികളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് മഹാമാരി സമ്മാനിച്ചു. മാനവികതയുടെയും സാഹോദര്യത്തിന്റെയും ഇഴയടുപ്പങ്ങൾ നിറഞ്ഞ സഹവർത്തിത്വം ഇക്കാലയളവിൽ നാം കണ്ടുമുട്ടി. പ്രകൃതിക്കുണ്ടാവുന്ന താളഭംഗങ്ങൾ മനുഷ്യന്റെ അടിസ്ഥാനപരമായ നിലനിൽപിനെത്തന്നെ സാരമായി ബാധിക്കുമെന്ന് ദുരിതങ്ങൾ ഓർമ്മപ്പെടുത്തി. ദൈവത്തിൽ പൂർണമായി ആശ്ര യിച്ച് സഹോദരങ്ങളോട് നിർമ്മലതയോടെ പെരുമാറി മനോഹരി യായ പ്രകൃതിയെ ചൂഷണം ചെയ്യാതെ, സംരക്ഷിച്ച് ഈ ഭൂമിയിൽ ജീവിച്ച് കടന്നുപോകേണ്ടവരാണ് നാമെന്ന് ഈ കാലഘട്ടം നമ്മെ പഠിപ്പിച്ചു. അതിനാൽ കദനങ്ങൾക്കിടയിലെ ഈ നോമ്പുകാലം ദൈവവും സഹജരും ചുറ്റുപാടുകളുമായുള്ള ബന്ധങ്ങളെ ദൃഢതര മാക്കട്ടെ. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ചിന്തകൾ നമ്മെ ദൈവോന്മുഖരാക്കട്ടെ.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പി താവിന്റെ വർഷമായി മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി ദൈവഹിതത്തിന് ജീവിതം സമർപ്പിച്ച യൗസേപ്പിതാവിന്റെ ആത്മീയപാത ഇക്കാലയളവിൽ നമുക്ക് മാതൃകയാക്കാം. "ദൈവേഷ്ടം നിറവേറ്റാൻ സർഗ്ഗാത്മകമായ ധൈര്യം കാണിച്ച നസ്രത്തിലെ തച്ചന്റെ അതേ സർഗ്ഗാത്മകമായ ധൈര്യം നമ്മൾ കാണിക്കുന്നുവെങ്കിൽ ദൈവം നമ്മെ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം എല്ലായ്പ്പോഴും തുറന്നുതരും. ദൈവിക കരുതലിൽ വിശ്വസിച്ച ജോസഫ് പ്രശ്നങ്ങളെയെല്ലാം സാധ്യതകളാക്കി മാറ്റി" (പാത്രിസ് കോർദേ, 5). യൗസേപ്പിതാവിൽ നിറഞ്ഞ് നിന്ന ധൈര്യം നോമ്പിൽ വിശുദ്ധിയിൽ ജീവിക്കുവാൻ ഏവരും കൈമുതലാക്കണം. "എന്തെ ന്നാൽ, ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നൽകിയത്, ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റയും ആത്മാവിനെയാണ്" (2 തിമോ. 1:7). ധീരനായ യൗസേപ്പിതാവിന്റെ മാതൃക ഉൾക്കൊണ്ട് നമ്മുടെ ദുരാശകളെയും പാപമേഖലകളെയും ഉന്മൂലം ചെയ്ത് തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥ മായ ഉപവാസത്തിലും ഔദാര്യപൂർണ്ണമായ ദാനധർമ്മ പ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. അതിനാൽ, നോമ്പുകാലത്തിന്റെ ആത്മീയ അർത്ഥതലങ്ങൾ കണ്ടെത്തി അതനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കാം.

### 1) ദൈവസ്നേഹത്തിൽ ആഴപ്പെടേണ്ട കാലം

"തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രഥമ

ചാക്രിക ലേഖനമായ 'ദൈവം സ്നേഹമാ കുന്നു'വെന്നിൽ കുറിക്കുന്നതുപോലെ "സ്നേഹത്താൽ ചലിപ്പിക്കപ്പെട്ട് മനുഷ്യനെ വീണ്ടെടുക്കാൻ വേണ്ടി തന്റെ ഏകജാതനെ ലോക ത്തിലേക്കയച്ച പിതാവിന്റെ പദ്ധതി നാം തിരിച്ചറിയണം" (നമ്പർ. 19). തന്റെ പുത്രനെ നൽകാൻ തക്കവിധം ഈ ലോകത്തെ സ്നേഹിച്ച ദൈവത്തെ നമുക്കും ആത്മാർത്ഥമായി സ്നേഹിക്കാം. അവിടുന്ന് അരുളിച്ചെയ്യുന്നു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും" (യോഹ. 14:15).

### 2) ത്യാഗമനോഭാവത്തോടെ ദൈവത്തോടൊപ്പം ആയിരിക്കേണ്ട കാലം

നോമ്പുകാലം ദൈവസ്നേഹത്തിൽ ആഴപ്പെട്ട് കൃപയുടെ നിറവിൽ ആയിരിക്കേണ്ട കാലമാണ്. ദൈവത്തിന്റെ സാന്നിധ്യത്തിലിരുന്ന് പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടെ ഉരിഞ്ഞ് കളഞ്ഞ് പുതിയ മനുഷ്യനായിത്തീരാനുള്ള അനുഗൃഹീതമായ അവസരമാ ണിത്.

ദൈവത്തോട് കൂടെ ആയിരിക്കുവാൻ നമ്മെ സഹായിക്കുന്ന താണ് ഉപവാസവും പ്രാർത്ഥനയും. ശരീരത്തിന്റെ ആവശ്യങ്ങൾ പോലും ഉപേക്ഷിച്ച് ദൈവത്തോട് കൂടിയായിരിക്കുവാനുള്ള ശ്രമ മാണിത്. വചനം പറയുന്നതുപോലെ; "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടി ക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതരെ സ്വഭവനത്തിൽ സ്വീകരി ക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്ന" (ഏശയ്യ 58:1-10) യഥാർത്ഥ ഉപവാസത്തിന്റെ ജീവിതശൈലി സ്വന്തമാക്കേണ്ട അവസ രമാണിത്. അങ്ങനെ പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്ന നോമ്പിന്റെ യഥാർത്ഥ ചൈതന്യത്തിൽ ജീവിച്ച് ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും ദരിദ്രർക്ക് സദ്വാർത്തയും നൽകി ഒരു പുതിയ സൃഷ്ടിയായിത്തീരാൻ നമുക്ക് പരിശ്രമിക്കാം.

പാരമ്പര്യമായി മത്സ്യമാംസാദികൾ നാം വർജ്ജിക്കുമ്പോൾ ആത്മാവില്ലാത്ത ഒരനുഷ്ഠാനമായി അത് പരിണമിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവത്തിങ്കലേക്ക് നമ്മെ അടുപ്പിക്കുന്ന, വിശുദ്ധിയിൽ വളരാൻ സഹായിക്കുന്ന പങ്കുവയ്ക്കു വയ്ക്കലിന്റെ സാഹോദര്യത്തിലേക്ക് നമ്മെ വളർത്തുന്ന ആത്മീയ പരിപോഷണ മായി അത് മാറട്ടെ. അനുദിന കുടുംബ പ്രാർത്ഥനയും വിശുദ്ധബലി യിലെ പങ്കാളിത്തവും വചനവായനയും നോമ്പുകാല ജീവിതത്തിന്റെ അർത്ഥപൂർണ്ണതക്ക് നിദാനമാകണം.

### 3) വിശുദ്ധിയിൽ വളരേണ്ട കാലം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ പരാമർശിക്കുന്നതുപോലെ "എല്ലാ ക്രൈസ് തവ വിശ്വാസികളും, അവർ ഏതു നിലയിലും പദവിയിലുമുള്ളവ രായാലും,

ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും സ്നേഹത്തിന്റെ പൂർണ്ണതയിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു." (LG No. 40). പാപമേഖലകളെ ഉപേക്ഷിച്ച് വിശുദ്ധിയിലേക്കുള്ള വിളിയോടു മുഴുവൻ ഹൃദയത്തോടെ പ്രത്യുത്തരിക്കാൻ പറ്റിയ സമയം ഈ നോമ്പുകാലമാണ്. "നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം - അസന്മാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ. അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം തുടങ്ങിയവ വർജ്ജിക്കുവിൻ. പരസ്പരം കള്ളം പറയരുത്. പഴയമനുഷ്യനെ അവന്റെ ചെയ്തികളോടെ നിഷ്കാസനം ചെയ്യുവിൻ" (കൊളോ. 3:5-9).

### 4) മാനസാന്തരത്തിനുള്ള കാലം

വിശുദ്ധിയിൽ വളരുവാൻ അനുതാപവും മാനസാന്തരവും ആവശ്യമാണ്. സ്വപിതാവിന്റെ ഭവനത്തിൽ നിന്ന് എല്ലാം ശേഖരിച്ച് അകന്നുപോയ ധൂർത്തപുത്രന്റെ സ്ഥാനത്താണ് പലപ്പോഴും നമ്മൾ. ദാനമായി ലഭിച്ചവയെല്ലാം, ഒരുപക്ഷേ നമ്മുടെ സ്വാർത്ഥതയ്ക്കും സുഖലോലുപതയ്ക്കും വേണ്ടി നാം നഷ്ടപ്പെടുത്തിയിട്ടുണ്ടാകാം. ഒരിക്കലും സഞ്ചരിക്കരുതാത്ത വഴികളിലൂടെ ധൂർത്തപുത്രനെ പ്പോലെ നാം യാത്ര ചെയ്തിട്ടുണ്ടാകാം. പക്ഷേ, പിതൃസ്നേഹ ത്തിന്റെ ഓർമ്മയിൽ തിരിച്ചുവരവിനു തയ്യാറായ ധൂർത്തപുത്രന്റെ മാതൃകയാണ് ഈ നോമ്പുകാലത്ത് നാം സ്വീകരിക്കേണ്ടത്. "പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു പോയി. നിന്റെ പുത്രനെന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമെ'' (ലൂക്കാ 15:19) എന്ന് എളിമയോടെ പ്രാർത്ഥിച്ച് മാനസാന്തരത്തിന്റെ ജീവിതം സ്വന്ത മാക്കുവാൻ നമുക്ക് സാധിക്കട്ടെ. കാരണം, "നമ്മൾ വിശുദ്ധരായിരിക്കണമെന്നും നിർഗുണവും ഇടത്തരവുമായ അസ്തിത്വത്തിൽ നില നിൽക്കരുതെന്നും കർത്താവ് ആഗ്രഹിക്കുന്നു" (ആനന്ദിച്ച് ആഹ്ലാ ദിക്കുവിൻ-1, ഫ്രാൻസിസ് മാർപാപ്പ).

### 5) സാഹോദര്യത്തിൽ ജീവിക്കേണ്ട കാലം

മരുഭൂമിയിലെ നാല്പതു ദിവസത്തെ ഉപവാസത്തിനൊടുവിൽ യേശുവിന് പിശാചിൽനിന്ന് നേരിട്ട ഒരു പ്രലോഭനം എല്ലാം സ്വന്ത മാക്കുവാനും അധീശത്വം സ്ഥാപിക്കുവാനുമുള്ളതായിരുന്നു. ഈയൊരു പരീക്ഷണം ആധുനിക കാലഘട്ടത്തിൽ ഏവരെയും അല ട്ടുന്നുണ്ട്. ഇത് പലപ്പോഴും നാം തിരിച്ചറിയാറില്ല. ബെനഡിക്ട് 16-ാമൻ മാർപാപ്പ എഴുതുന്നതുപോലെ "സമൂഹം എക്കാല ത്തെയുകാൾ കൂടുതൽ ആഗോളവത്കൃതമായിത്തീരുമ്പോൾ അതു നമ്മെ അയൽക്കാരാക്കുന്നു എന്നാൽ നമ്മെ സഹോദരന്മാരാക്കുന്നില്ല" (സത്യത്തിൽ സ്നേഹം-19). "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ. 4:20).

നോമ്പുകാലത്ത് പ്രാർത്ഥനയോ ടും ഉപവാസത്തോടുംകൂടി ചേർത്തുവയ്ക്കേണ്ട കാര്യങ്ങൾ നീതിയും ദാനധർമ്മവുമാണ്. "ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതു പോലെ ദാനധർമ്മം പാപത്തിനു പരിഹാരമാണ്" (പ്രഭാ. 3:30).

### 6) പ്രത്യാശയിൽ നിറയേണ്ടകാലം

ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുന്ന നോമ്പുകാലം പ്രത്യാശയുടെ ബാലപാഠങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. മാനവകുലത്തിന് രക്ഷസമ്മാനിക്കാൻ ക്രിസ്തു ഏറ്റുവാങ്ങിയ സഹന ങ്ങൾ പ്രത്യാശയുടെ വസന്തമാണ്. പീഡാസഹനവും കുരിശുമരണവും ഒരന്ത്യമായിരുന്നില്ല. മറിച്ച് ഉത്ഥിതനേകുന്ന പ്രത്യാശയുടെ ആരംഭമാണ്. ഈ ലോകത്തിലെ സഹനങ്ങൾക്കും വിലാപങ്ങൾക്കും അപ്പുറം ക്രിസ്തുവേകുന്ന ഉത്ഥിതാനുഭവത്തിന്റെ പ്രത്യാശകൂടി നോമ്പുകാലം പങ്കുവയ്ക്കുന്നു.

പ്രകൃതി ദുരന്തങ്ങളും മഹാമാരിയും കാർഷികവിളകളുടെ നാശവും സാമ്പത്തിക പ്രതിസന്ധിയും നമ്മെ നിരാശപ്പെടുത്തുമ്പോൾ ദൈവവചനം നമുക്ക് പ്രത്യാശ നൽകുന്നുണ്ട്. ഇസ്രായേൽ ജനത്തെ ആശീർവദിച്ചുകൊണ്ട് മോശയുടെ പ്രാർത്ഥന ഇപ്രകാര മാണ്. "നിന്റെ ഓടാമ്പൽ ഇരുമ്പും പിത്തളയും; നിന്റെ ആയുസ്സോളം നിന്റെ ശക്തിയും. യഷുറൂൺ, നിന്റെ ദൈവത്തെപ്പോലെ ആരുമില്ല; നിന്നെ സഹായിക്കാൻ അവിടുന്ന് വിഹായസ്സിലൂടെ മഹത്വപൂർണ്ണ നായി മേഘത്തിന്മേൽ സഞ്ചരിക്കുന്നു. നിത്യനായ ദൈവം നിന്റെ അഭയം; താങ്ങാൻ ശാശ്വത ഹസ്തങ്ങൾ; അവിടുന്ന് നിന്റെ ശത്രുവിനെ തട്ടിമാറ്റും." (നിയമാ 33:25-27). ജീവിതപ്രതിസന്ധികൾ ഒരിക്കലും ദൈവത്തിൽനിന്ന് അകലുവാൻ ഇടയാകരുത്. വചനം ഇപ്രകാരം പറയുന്നു: "ധൈര്യമായിരിക്കുക. നമ്മുടെ ജനത്തിനും നമ്മുടെ ദൈവത്തിന്റെ പട്ടണത്തിനുംവേണ്ടി നമുക്ക് സുധീരം പോരാടാം. കർത്താവ് നന്മയെന്നു തോന്നുന്നത് പ്രവർത്തിക്കട്ടെ" (1 ദിന. 19:13). ചെയ്യേണ്ട കടമകളും ഉത്തരവാദിത്വങ്ങളും സൂക്ഷ്മതയോടെ നാം ചെയ്യുമ്പോൾ ദൈവം ഇടപെടുകതന്നെ ചെയ്യുമെന്നാണ് ദൈവ വചനം നമുക്ക് ഉറപ്പുതരുന്നത്. ഈ നോമ്പുകാലം പ്രത്യാശയുടേതാകട്ടെ. "നിങ്ങൾ തിടുക്കം കൂട്ടേണ്ട; വേഗം ഓടുകയും വേണ്ടാ. കർത്താവ് നിങ്ങളുടെ മുമ്പിൽ നടക്കും. ഇസ്രായേലിന്റെ ദൈവമാ യിരിക്കും നിങ്ങളുടെ പിൻ കാവൽക്കാരൻ" (ഏശ. 52:12).

വീണ്ടുമൊരു നോമ്പുകാലംകൂടി ആഗതമാകുമ്പോൾ ജീവിത ത്തിന്റെ നശ്വരതയെ നമുക്ക് ധ്യാനവിഷയമാക്കാം. പാപമേഖലകളെ ഉപേക്ഷിച്ച് പുണ്യവഴികളിൽ നമുക്കു യാത്ര ചെയ്യാം. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് എന്ന ചിന്തയോടെ വിശുദ്ധിയിൽ നമുക്ക് വ്യാപരിക്കാം. ദൈവസ്നേ ഹാനുഭവത്തിന്റെയും സാഹോദര്യ സ്നേഹത്തിന്റെയും വളർച്ച നമുക്ക്

ആഗ്രഹിക്കാം. എന്തെന്നാൽ "കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ. നിന്റെ അധ്വാനഫലം നീ അനുഭവിക്കും. നീ സന്തുഷ്ടനായിരിക്കും. നിനക്കു നന്മവരും" (സങ്കീ. 128:1-2). ഏവർക്കും ഫലദായകമായ നോമ്പുകാലം ആശംസിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും + എപ്പോഴും + എന്നേയ്ക്കും + ആമ്മേൻ.

ഈശോയിൽ സ്നേഹപൂർവ്വം

+Remigiose

✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം 2021 ഫെബ്രുവരി 14 -ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



*St. Joseph, Pray for us*

# 2021 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൻ പ്രിയ മാതാപിതാക്കളേ, സഹോദരി സഹോദരന്മാരെ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. ഭാരതസഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തിയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആഗോളകത്തോലിക്ക സഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843-ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർ ബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. "കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാകുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. "പാത്രിസ് കോർദെ" (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴ് സവിശേഷ ഗുണങ്ങളെ പാപ്പ എടുത്തു പറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴിലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവതരിപ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

"ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് യേശുവിനെ സ്നേഹിച്ചു" എന്ന മനോഹര വാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക

ലേഖനം ആരംഭിക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി യേശുവിന്റെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയ മാതൃക പാപ്പ തുടർന്ന് അവതരിപ്പിക്കുന്നു. പരി. മറിയത്തെയും ഉണ്ണിയേശുവിനെയും വാത്സല്യത്തോടെ സംരക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവരോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. "ജോസഫിൽ യേശു ദൈവത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു" എന്ന് പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും, ഏറ്റവും ആദ്യമായും അധികമായും കുട്ടികളിലേക്ക് പകർന്നുനൽകപ്പെടുന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ നിന്നാണ് എന്ന് പാപ്പ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തുന്നതുവഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയും. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ സാമൂഹ്യനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

"സ്നേഹത്തിന്റെ ആനന്ദം" എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെകുറിച്ച് വിചിന്തനം നടത്താൻ കൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പ "വിശ്വാസത്തിന്റെ അർത്ഥ വും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം" (സ്നേഹത്തിന്റെ ആനന്ദം 287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചു വരുമ്പോൾ മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തിയും മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്ക് സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃതജീവിതവും അനുദിനംതുടരുന്ന പ്രാർത്ഥനാജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് യേശു മാനുഷികമായ പക്വത യിലേക്ക് വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്ജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്ല്യ സ്നേഹം അനുഭവിച്ചുകൊണ്ടുമാ ണ്. നാല് സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തികിട്ടിയ ദൈവഹിതം, ഉണ്ണിയേശു വിന്റെയും മറിയത്തിന്റേയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വ സ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാ വിന്റെ ഹിതം അനുസരിക്കാൻ യേശു പഠിച്ചത് നസ്രത്തിലെ "ജോസഫിന്റെ സ്കൂളിൽ" നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ യേശുവും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വ സന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെ ടുന്നു എന്ന് പാപ്പ ദുഃഖത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഒരു പിതാവായിരി ക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ച് നടത്തുക എന്നതാണ്. കുടുംബാംഗങ്ങളോടുള്ള, പ്രത്യേകിച്ച് മാതാ പിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാ വശ്യമാണ്. കോവിഡ് 19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവു മധികം സമയം വീട്ടിൽതന്നെ ചിലവഴിക്കുമ്പോഴും "അകന്നു" കഴിയുന്ന മാതാ പിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുത ലായി കാണുന്നത് ടി. വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവ യൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കു ന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീ യമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്ക് കുട്ടികൾ ഒതുങ്ങി കൂടുകയും ആത്മീയമായ അടി സ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാ വണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാ ക്കൾ സമയം കണ്ടെത്തണം.

യേശുവുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമി യിലെ നിഴലായിരുന്നു എന്ന് പാപ്പ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ

ഒരു പിതാവിനെപ്പോലെ ഉണ്ണിയേശുവിനെ സംരക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയാണെന്ന് പാപ്പ ഓർമിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീകവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലെ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്തബന്ധങ്ങളിലേക്ക് അവർ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹ്യമാധ്യമങ്ങൾ വഴിയും ടെലിഫോൺ ഉപയോഗം വഴിയും കുട്ടികൾ തെറ്റിപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിതസംരക്ഷണം നല്കുകയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പ പറയുന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്യസ്തജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറികഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം.

തിരുബാലസഖ്യ ദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കുകാണാം. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു ദൈവത്തിന്റെയും

മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. സമൂഹത്തിനു മക്കൾ മുതൽകൂട്ടുകളായി ഭവിക്കട്ടെ. യേശുവിനെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# 54-ാം ലോക സമാധാന ദിനാചരണം

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാതയെന്ന നിലയിൽ

1. പുതുവർഷത്തിന്റെ ഉദയത്തിൽ സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കൾക്കും ആധ്യാത്മിക നേതാക്കൾക്കും വിവിധമതങ്ങളുടെ അനുയായികൾക്കും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസ നേരുന്നു. വ്യക്തികളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നേറാൻ മനുഷ്യവംശത്തെ സമാഗതമാകുന്ന വർഷം ശക്തിപ്പെടുത്തട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

കോവിഡ്-19 മൂലമുണ്ടായ വ്യാപകമായ ആരോഗ്യപ്രശ്നത്താൽ മുദ്രിതമായിരുന്നു 2020-ാം വർഷം. ആ രോഗം ആഗോള വ്യാപകമായ ഒരു പ്രതിഭാസമാ

യിത്തീർന്നു. അത് അതിർത്തികളെ മുറിച്ചു കടന്നു. കാലാവസ്ഥ, ഭക്ഷണം, സാമ്പത്തികത, കുടിയേറ്റം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഗാധമായ തോതിൽ അതു വർധിപ്പിച്ചു. വലിയ പീഡനത്തിനും പ്രയാസത്തിനും അതു കാരണമായി. കുടുംബാംഗങ്ങളെയും സ്നേഹിതരെയും നഷ്ടപ്പെട്ടവരെയും ജോലി നഷ്ടപ്പെട്ട സകലരെയും ഞാൻ പ്രത്യേകമായി അനുസ്മരിക്കുന്നു. ഡോക്ടർമാർ, നേഴ്സുമാർ, മരുന്നുവ്യാപാരികൾ, ഗവേഷകർ, വോളന്റീയർമാർ, ചാപ്ലെയിൻമാർ, ആശുപത്രികളുടെയും ആരോഗ്യപരിപാലനകേന്ദ്രങ്ങളുടെയും ജോലിക്കാർ എന്നിവരെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു. അവർ രോഗികളെ ശുശ്രൂഷിക്കാനും അവരുടെ വേദനകൾ കുറയ്ക്കാനും ജീവൻ രക്ഷിക്കാനും വലിയ ത്യാഗം സഹിച്ചു. ഇപ്പോഴും അവർ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവരിൽ അനേകർ ഈ പ്രവർത്തനത്തിൽ മരിച്ചു. ഞാൻ അവരെ ആദരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാരോടും സ്വകാര്യ സെക്റ്ററിലുള്ളവരോടുമുള്ള എന്റെ അഭ്യർത്ഥന ഞാൻ പുതുക്കുന്നു. കോവിഡ്-19 നുള്ള വാക്സിന്റെ ലഭ്യത ഉറപ്പുവരുത്താനും, രോഗീശുശ്രൂഷയ്ക്കുവേണ്ട സത്താപരമായ സാങ്കേതിക വിദ്യകൾ ഉറപ്പുവരുത്താനും, ദരിദ്രർക്കും ഏറ്റവും മുറിവേല്ക്കപ്പെടാവുന്നവർക്കും അവ ലഭ്യമാക്കാനുമുള്ള അഭ്യർത്ഥനയാണു ഞാൻ പുതുക്കുന്നത്.

ഒരു കാര്യം ഞാൻ ദുഃഖത്തോടു പറയുന്നു. അതായത്, സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉള്ളപ്പോഴും ദേശീയതാവാദത്തിന്റെ വിവിധ രൂപങ്ങളും വംശാധിപത്യവാദവും വെറുപ്പും യുദ്ധങ്ങളും സംഘട്ടനങ്ങളും വർധിക്കുന്നതായി നാം കണ്ടു. അവയെല്ലാം മരണവും നാശവും മാത്രം അവയുടെ വഴിയിൽ കൊണ്ടുവരുന്നവയാണ്.

ഇക്കഴിഞ്ഞവർഷം മനുഷ്യവംശത്തിന്റെ പാതയിലുണ്ടായ ഈ സംഭവങ്ങളും ഇതുപോലെയുള്ള മറ്റു സംഭവങ്ങളും ഒരു വ്സുതത നമ്മെ പഠിപ്പിച്ചു: അതായത്, കൂടുതൽ സഹോദരപരമായ സമൂഹത്തെ സൃഷ്ടിക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പരസ്പരം സംരക്ഷിക്കുകയും സൃഷ്ടിയെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ഈ വർഷത്തെ സന്ദേശത്തിനായി "സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാത" എന്ന ശീർഷകം ഞാൻ തിരഞ്ഞെടുത്തത്. നമ്മുടെ കാലഘട്ടത്തിൽ വളരെ പ്രബലപ്പെട്ടിരിക്കുന്ന നിസ്സംഗതയുടെയും പാഴാക്കലിന്റെയും ഏറ്റുമുട്ടലിന്റെയും സംസ്കാരത്തോടു മത്സരിക്കാനുള്ള മാർഗമാണ് "സംരക്ഷണത്തിന്റെ സംസ്കാരം."

## 2. സ്രഷ്ടാവായ ദൈവം സംരക്ഷിക്കാനുള്ള മാനുഷിക പാളിയുടെ ഉറവിടം

മനുഷ്യജീവികളുടെ ഉത്പത്തിയെയും സ്രഷ്ടാവിനോടും പ്രപഞ്ചത്തോടും സഹജീവകളായ സ്ത്രീപുരുഷന്മാരോടുമുള്ള ബന്ധത്തെയും സംബന്ധിച്ച വിവ

രങ്ങൾ അനേകം മതപാരമ്പര്യങ്ങൾക്കുമുണ്ട്. മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ പരിപാലനയുടെ അഥവാ സംരക്ഷണപദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബൈബിളിലെ ഉത്പത്തിപ്പുസ്തകത്തിന്റെ ആദ്യത്തെ പേജുകൾ മുതൽ വ്യക്തമായി കാണിക്കുന്നുണ്ട്. മനുഷ്യനും (ആദം) ഭൂമിയും (ആദാമാ) തമ്മിലുള്ള ബന്ധവും സഹോദരീസഹോദരന്മാരെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധവും അത് ഉയർത്തിക്കാണിക്കുന്നുണ്ട്. സൃഷ്ടിയെ സംബന്ധിച്ച വിവരണത്തിൽ "ഏദനിൽ നട്ടുപിടിപ്പിച്ച" പൂന്തോട്ടത്തെ (cf. ഉത്പ. 2:8) ദൈവം മനുഷ്യനെ ഏല്പിച്ചു എന്നു പറയുന്നു. എന്നാൽ, അത് "ഉഴുതുസംരക്ഷിക്കാൻ" വേണ്ടിയാണ് ഏല്പിച്ചത് (ഉത്പ 2:15). ഇത് ഭൂമിയെ ഉത്പാദനക്ഷമമാക്കുന്നു. അതിനെ സംരക്ഷിക്കുകയും ജീവനെ പിന്താങ്ങാനുള്ള അതിന്റെ കഴിവിനെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഇതിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്. "ഉഴുകുക." "സൂക്ഷിക്കുക" എന്നീ ക്രിയകൾ ആദത്തിന് പൂന്തോട്ടമാകുന്ന തന്റെ ഭവനത്തോടുള്ള ബന്ധം വിവരിക്കുന്നു. മാത്രമല്ല, ആദത്തെ സർവസൃഷ്ടിയുടെയും യജമാനനും പരിപാലനനുമായി നിയമിച്ചുകൊണ്ട് അയാളിൽ ദൈവം അർപ്പിച്ച വിശ്വാസത്തെയും വിവരിക്കുന്നു.

കായേന്റെയും ആബേലിന്റെയും ജനനത്തോടെ സഹോദരീസഹോദരന്മാരുടെ ചരിത്രം തുടങ്ങുന്നു. അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കപ്പെടുന്നത് – കായേൽ തെറ്റിധരിച്ചെങ്കിലും – സംരക്ഷണത്തിന്റെ അഥവാ സൂക്ഷിക്കലിന്റെ ഭാഷയിലാണ്. കായേൻ നമ്മൾ എല്ലാവരും എന്നപോലെ "അവന്റെ സഹോദരന്റെ കാവൽക്കാരൻ" എന്നു വിളിക്കപ്പെട്ടു. "പ്രതിരൂപാത്മകത നിറഞ്ഞ ഈ പ്രാചീനകഥകൾ നമ്മൾ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു ഉത്തമബോധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ആ ബോധ്യം ഇതാണ്: എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെയും പ്രകൃതിയോടുള്ള നമ്മുടെ ബന്ധത്തെയും കുറിച്ചുള്ള യഥാർത്ഥമായ ശ്രദ്ധയെ സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാൻ സാധ്യമല്ല."

### 3. സ്രഷ്ടാവായ ദൈവം, സംരക്ഷണത്തിന്റെ മാതൃക

വിശുദ്ധ ലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നത് സ്രഷ്ടാവായിട്ടു മാത്രമല്ല പിന്നെയോ തന്റെ സൃഷ്ടികളെ, പ്രത്യേകിച്ച്, ആദം, ഹവ്വാ അവരുടെ മക്കൾ എന്നിവരെ, കാത്തുപാലിക്കുന്നവനായിട്ടാണ്. കായേൻ കുറ്റകൃത്യംകൊണ്ട് ശപിക്കപ്പെട്ടവനായി. എന്നാലും സ്രഷ്ടാവ് അവന് സംരക്ഷണത്തിനുള്ള ഒരു അടയാളം നല്കി, അവന്റെ ജീവൻ രക്ഷിക്കാൻ (cf. ഉത്പ 4:15). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അലംഘനീയമായ മഹത്വത്തെ ഇത് ഉറപ്പിച്ചു പറയുന്നു. കൂടാതെ, തന്റെ സൃഷ്ടിയുടെ സമന്വയത്തെ സംരക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഒരു അടയാളം കൂടിയാണത്. കാരണം, "സമാധാനത്തിനും അക്രമത്തിനും ഒന്നിച്ച് വസിക്കാൻ സാധ്യമല്ല."

സാബത്ത് സ്ഥാപിച്ചതിന്റെ അടിസ്ഥാന കാരണം സൃഷ്ടി സംരക്ഷണമായിരുന്നു. ദൈവാരാധനയ്ക്കു പുറമേ സാമൂഹിക ക്രമത്തിന്റെ പുനഃസ്ഥാപനത്തിന് ദരിദ്ര സംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു സാബത്ത് (cf. ഉത് 1:1-3; ലേവാ 25:4). ഓരോ ഏഴാം സാബത്തുവർഷവും ജൂബിലി ആഘോഷിച്ചിരുന്നു. അത് ഭൂമിക്കും അടിമകൾക്കും കടക്കാർക്കും താത്കാലിക വിശ്രമം നല്കിയിരുന്നു. കൃപാവരത്തിന്റെ ആ വർഷത്തിൽ ഏറ്റവും കൂടുതൽ ആവശ്യത്തിൽപെട്ടവരെ സംരക്ഷിക്കുകയും അവർക്ക് ജീവിതത്തിൽ ഒരു പുതിയ അവസരം നല്കുകയും ചെയ്തിരുന്നു. ജനതയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാൻവേണ്ടിയായിരുന്നു അത് (cf. നിയമാ 15:4).

പ്രവാചക പാരമ്പര്യത്തിൽ, നീതിയെക്കുറിച്ചുള്ള ബൈബിൾപരമായ ധാരണ ഏറ്റവും ഉയർന്ന തോതിൽ പ്രകാശിപ്പിക്കപ്പെട്ടത് ഒരു സമൂഹം അതിന്റെ ഏറ്റവും ദുർബലരായ അംഗങ്ങളോടു പെരുമാറുന്ന രീതിയിലാണ്. പ്രത്യേകിച്ച് ആമോസും (cf. 2:6-8;8) ഏശയ്യയും (cf. 58) ദരിദ്രരോടു നീതി കാണിക്കാൻ കർശനമായി ആവശ്യപ്പെടുന്നു. ദരിദ്രർ ദ്രോഹിക്കപ്പെടാവുന്നവരും അശക്തരുമാണ്. അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവരെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവം അവരെ കേൾക്കുകയും ചെയ്യുന്നു (cf.സങ്കീ 34:7;113:7-8).

### 4. സംരക്ഷണം യേശുവിന്റെ ശുശ്രൂഷയിൽ

യേശുവിന്റെ ജീവിതവും ശുശ്രൂഷയും മനുഷ്യവംശത്തോടുള്ള പിതാവിന്റെ സ്നേഹത്തെ ഏറ്റവും വലിയ തോതിൽ പ്രതിനിധീകരിക്കുന്നു (cf. യോഹ 3:16). താൻ പിതാവിനാൽ അഭിഷിക്തനാണെന്നും ദരിദ്രരെ സുവിശേഷം അറിയിക്കാനും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും  പ്രഖ്യാപിക്കാനും ( ലൂക്കാ 4:18) അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നും നസ്രസിലെ സിനഗോഗിൽ വച്ച് യേശു പറഞ്ഞു. ജൂബിലി വർഷത്തോടു ബന്ധപ്പെട്ട മിശിഹാപരമായ ഈ പ്രവൃത്തികൾ അവിടന്നു പിതാവിൽനിന്നു സ്വീകരിച്ച ദൗത്യത്തിന് സുശക്തമായ സാക്ഷ്യം നല്കുന്നു. ക്രിസ്തു തന്റെ കാരുണ്യത്തിൽ ശരീരത്തിലും ആത്മാവിലും രോഗമുള്ളവരെ സമീപിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു. പാപികളോടു ക്ഷമിക്കുകയും അവർക്കു പുതിയ ജീവൻ നല്കുകയും ചെയ്തു. തന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്ന നല്ല ഇടയനാണ് യേശു (cf. യോഹ 10:11-18, എസ. 34:1-31). അവിടന്നു നല്ല സമറായനാണ്. മുറിപ്പെട്ട മനുഷ്യരെ സഹായിക്കാനും അയാളുടെ മുറിവുകൾ വച്ചുകെട്ടാനും അയാളെ സംരക്ഷിക്കാനുംവേണ്ടി നിന്ന നല്ല സമറായനാണ് (cf. ലൂക്കാ 10:30-37).

യേശു തന്റെ ദൗത്യത്തിന്റെ പരമകോടിയിൽ അവിടത്തേക്ക് നമ്മോടുള്ള ശ്രദ്ധയുടെ പരമമായ തെളിവു നല്കി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻവേണ്ടി സ്വയം കുരിശിൽ സമർപ്പി

ച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. തന്റെ ജീവനെ ബലിപരമായ ദാനമായി നല്കിക്കൊണ്ട് അവിടന്നു നമുക്കായി സ്നേഹത്തിന്റെ പാത തുറന്നു. നമ്മിൽ ഓരോരുത്തരോടും അവിടന്ന് പറയുന്നു: "എന്നെ അനുകരിച്ച്, പോയി ഇതു പോലെ ചെയ്യുക" (cf. ലൂക്കാ 10:37).

### 5. സംരക്ഷണ സംസ്കാരം. യേശുവിന്റെ അനുയായികളുടെ ജീവിതത്തിൽ

ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികൾ, ആദിമസഭ അഭ്യസിച്ചിരുന്നതുപോലെ, പരസ്നേഹത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്ത്യാനികളുടെ ആദ്യത്തെ തലമുറ അവർക്കുള്ളതു പങ്കുവച്ചു. അതുകൊണ്ട് അവരിൽ ആരും ആവശ്യത്തിൽപ്പെട്ടിരുന്നില്ല (cf. അപ്പ. 4:34-35). അവർ തങ്ങളുടെ സമൂഹത്തെ സ്വാഗതം ചെയ്യുന്ന ഭവനമാക്കാൻ പരിശ്രമിച്ചു. ഓരോ മാനുഷികാവശ്യത്തെയും പരിഗണിക്കുന്ന, ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഭവനമാക്കാൻ ശ്രമിച്ചു. ദരിദ്രരെ തീറ്റിപ്പോറ്റാനും മൃതരെ സംസ്കരിക്കാനും അനാഥരെയും വാർധക്യത്തിലെത്തിയവരെയും കപ്പൽ അപകടം പോലുള്ള അപകടങ്ങളുടെ ഇരകളെയും പരിപാലിക്കാനും സ്വമനസാ ദാനം നല്കുകയെന്നത് പതിവായിത്തീർന്നു. പിൽക്കാലത്ത് ക്രിസ്ത്യാനികളുടെ ഔദാര്യത്തിന് ആദിമകാല തീക്ഷ്ണത നഷ്ടപ്പെട്ടു. അന്ന് ചില സഭാപിതാക്കന്മാർ ഊന്നിപ്പറഞ്ഞു, വസ്തുക്കൾ പൊതു ഉപയോഗത്തിനായിരിക്കണമെന്നാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്ന്. വിശുദ്ധ അംബ്രോസിന്റെ അഭിപ്രായത്തിൽ "പ്രകൃതി എല്ലാവരുടെയും പൊതു ഉപയോഗത്തിനായി എല്ലാ വസ്തുക്കളെയും ചൊരിഞ്ഞു...അങ്ങനെ എല്ലാവർക്കുംവേണ്ടിയുള്ള പൊതുവായ അവകാശത്തെ ഉത്പാദിപ്പിച്ചു. പക്ഷേ, അത്യാഗ്രഹം അതിനെ കുറച്ചുപേരുടെ അവകാശമാക്കിമാറ്റി" ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിനുശേഷം സഭ പുതുതായി കണ്ട സ്വാതന്ത്ര്യത്തെ സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും പ്രചോദിപ്പിക്കാൻ ഉപയോഗിച്ചു. "കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക്രൈസ്തവ പരസ്നേഹത്തിന്റെ സേവനത്തിലുള്ള പുതിയ പരിശ്രമങ്ങളെ ആവശ്യപ്പെട്ടു. പ്രായോഗിക കാരുണ്യ പ്രവർത്തനത്തിന്റെ അസംഖ്യം രേഖകൾ ചരിത്രത്തിലുണ്ട്... ദരിദ്രരുടെയിടയിലുള്ള സഭയുടെ പ്രവർത്തനം വലിയതോതിൽ സംഘടിതമായിരുന്നു. ഓരോ മാനുഷികാവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അനേകം സ്ഥാപനങ്ങൾ ഉണ്ടായി: ആശുപത്രികൾ, ദരിദ്രർക്കായുള്ള ഭവനങ്ങൾ, അനാഥമന്ദിരങ്ങൾ, ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കുവേണ്ടിയുള്ള ഭവനങ്ങൾ, യാത്രക്കാർക്കായുള്ള വിശ്രമസങ്കേതങ്ങൾ..."

### 6. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തത്ത്വങ്ങൾ, സംരക്ഷണ സംസ്കാരത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ

സഭയുടെ ആദിമകാലത്തുണ്ടായിരുന്ന **ദിയാക്കോണിയ** (ശുശ്രൂഷ) പിതാക്കന്മാരുടെ പരിചിന്തനം വഴി സമ്പന്നമാക്കപ്പെട്ടു. നൂറ്റാണ്ടുകളോളം നിലനിറു

ത്തപ്പെട്ടു. വിശ്വാസത്തിന് പ്രകാശപൂർണമായ സാക്ഷ്യം നല്കിയ അനേകരുടെ പരസ്നേഹപ്രവർത്തനം വഴിയാണത്. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തുടിക്കുന്ന ഹൃദയമായിത്തീർന്നു ദിയാക്കോണിയ. ഈ സാമൂഹിക സിദ്ധാന്തം സന്മനസ്സുള്ള എല്ലാവർക്കും നല്കപ്പെടുന്നു. തത്ത്വങ്ങളുടെ അമൂല്യപൈതൃകമെന്ന നിലയിൽ, പരിപാലനയുടെ "വ്യാകരണം" എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമെന്ന നിലയിൽ: ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തെ വളർത്താനുള്ള സമർപ്പണം, ദരിദ്രരോടും മുറിവേൽക്കപ്പെടാവുന്നവരോടുമുള്ള ഐക്യദാർഢ്യം, പൊതു നന്മയ്ക്കായുള്ള നിരന്തര പരിശ്രമം, സൃഷ്ടിയുടെ സംരക്ഷണത്തെ സംബന്ധിച്ച താത്പര്യം.

## സംരക്ഷണം ഓരോ വ്യക്തിയുടെയും മഹത്ത്വവും അവകാശവും വളർത്തൽ എന്ന നിലയിൽ

ക്രിസ്തുമതത്തിൽ ഉദ്ഭവിക്കുകയും വികസിപ്പിക്കുകയും ചെയ്ത വ്യക്തിയെന്ന സങ്കല്പം തന്നെ സമ്പൂർണ മാനുഷിക വികസനത്തിനുള്ള പരിശ്രമത്തെ വളർത്തുന്നു. വ്യക്തി എപ്പോഴും ബന്ധത്തെയാണ്, വ്യക്തിത്വവാദത്തെയല്ല, സൂചിപ്പിക്കുന്നത്. അത് ഉൾപ്പെടുത്തലിനെയാണ്, ഒഴിവാക്കലിനെയല്ല, ഏറ്റവും അലംഘ്യവുമായ മഹത്ത്വത്തെയാണ്, ചൂഷണത്തെയല്ല, ഉറപ്പിച്ചു പറയുന്നത്." ഓരോ മനുഷ്യവ്യക്തിയും അവനിൽത്തന്നെ അഥവാ അവളിൽത്തന്നെ ഒരു ലക്ഷ്യമാണ്. അവന്റെ, അവളുടെ ഉപയുക്തതകൊണ്ടു വിലമതിക്കപ്പെടേണ്ട ഉപാധിയല്ല. എല്ലാവരും മഹത്ത്വത്തിൽ തുല്യരായിട്ടുള്ള കുടുംബങ്ങളിലും സമുദായങ്ങളിലും സമൂഹങ്ങളിലും ഒന്നിച്ചു ജീവിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു. മാനുഷിക കടമകളും അങ്ങനെതന്നെയാണ്. ദരിദ്രരെയും രോഗികളെയും, ഉപേക്ഷിക്കപ്പെട്ടവരെയും "സ്ഥല-കാലങ്ങളിൽ അടുത്തും അകലെയുമുള്ള നമ്മുടെ അയൽക്കാരിൽ" ഓരോരുത്തരെയും സ്വാഗതം ചെയ്യാനും സഹായിക്കാനുമുള്ള മാനുഷിക കടമകൾപോലെ മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു.

## പൊതുനന്മ പരിരക്ഷിക്കാൻ

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഓരോ വശവും അതിന്റെ പൂർണമായ ലക്ഷ്യം പ്രാപിക്കുന്നത് പൊതുനന്മയുടെ സേവനത്തിൽ സ്ഥാപിക്കപ്പെടുമ്പോഴാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങൾ ഗ്രൂപ്പുകൾ എന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ ആണ് കൂടുതൽ പൂർണമായും കൂടുതൽ എളുപ്പത്തിലും പൂർണത പ്രാപിക്കുന്നത്." തത്ഫലമായി, നമ്മുടെ പ്ലാനുകൾക്കും പദ്ധതികൾക്കും മുഴുവൻ മനുഷ്യകുടുംബത്തിന്മേലും ഉള്ള അനന്തരഫലങ്ങളെ പരിഗണിക്കണം. ഇപ്പോഴത്തെ തലമുറയിലും വരും തലമുറകളിലും അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളെയും പരിഗണിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ സത്യത്തെയും കാലോചിതത്വത്തെയും കോവിഡ്

19 എന്ന പകർച്ചവ്യാധി നമുക്കു കാണിച്ചുതന്നു. പകർച്ച വ്യാധിയുടെ മുമ്പിൽ "നാം ഒരുകാര്യം മനസ്സിലാക്കി. അതായത്, നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണ്. നമ്മൾ എല്ലാവരും ദുർബലരും ലക്ഷ്യരഹിതരുമാണ്. എന്നാൽ അതേ സമയം സുപ്രധാനമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും ഇതാണ്: നമ്മൾ എല്ലാവരും ഒന്നിച്ച് വഞ്ചി തുഴഞ്ഞുപോകണം." കാരണം, "ഒരുത്തനും ഒറ്റയ്ക്ക് രക്ഷപെടുന്നില്ല." ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു കഴിഞ്ഞുകൊണ്ട് സ്വന്തം ജനതയുടെ പൊതുനന്മ ഉറപ്പുവരുത്താൻ സാധിക്കുകയില്ല.

## ഐക്യദാർഢ്യത്തിലൂടെയുള്ള സംരക്ഷണം

മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹത്തെ ഐക്യദാർഢ്യം വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുന്നു. അവ്യക്തമായ വികാരമെന്ന വിധത്തിലല്ല പിന്നെയോ "പൊതുനന്മയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ദൃഢവും സുസ്ഥിരവുമായ തീരുമാനമെന്ന നിലയിലാണ് പ്രകാശിപ്പിക്കുന്നത്. അതായത്, എല്ലാവരുടെയും ഓരോ വ്യക്തിയുടെയും നന്മയ്ക്കുവേണ്ടി. കാരണം, നമ്മൾ എല്ലാവരും യഥാർത്ഥത്തിൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്." മറ്റുള്ളവരെ പരിഗണിക്കാൻ ഐക്യദാർഢ്യം നമ്മെ സഹായിക്കുന്നു-വ്യക്തികൾ എന്ന നിലയിലായാലും കൂടുതൽ  വിശാലമായി ജനതകൾ, രാഷ്ട്രങ്ങൾ എന്നീ നിലയിലായാലും - കേവലം സ്ഥിതിവിവരക്കണക്കുകൾക്കപ്പുറത്ത്. ഉപയോഗിച്ചിട്ട് ഭാവിയിൽ ഉപയോഗമില്ലാത്തവരായി തള്ളിക്കളയേണ്ടവരായിട്ടല്ല. പിന്നെയോ നമ്മുടെ അയൽക്കാരായി നമ്മുടെ യാത്രയെ  സഹയാത്രികരായി ജീവന്റെ വിരുന്നിൽ പങ്കുചേരാൻ നമ്മെപ്പോലെ വിളിക്കപ്പെട്ടവരായി കരുതണം. ദൈവം എല്ലാവരെയും ആ വിരുന്നിലേക്കു തുല്യനിലയിൽ ക്ഷണിച്ചിട്ടുണ്ട്.

## സൃഷ്ടിയുടെ പരിപാലനയും സംരക്ഷണവും

*ലാവുദാത്തോ സീ* എന്ന ചാക്രികലേഖനം എല്ലാ സൃഷ്ടികളും  പരസ്പരബന്ധിതമാണെന്ന് തികച്ചും ബോധമുള്ള ഒന്നാണ്. ദരിദ്രരുടെ കരച്ചിലും സൃഷ്ടിയുടെ കരച്ചിലും ശ്രദ്ധിക്കുകയെന്ന ആവശ്യത്തെ അത് ഉയർത്തിക്കാണിക്കുന്നു. നമ്മുടെ പൊതു ഭവനമായ ഭൂമിയെ ആവശ്യത്തിൽപ്പെടുന്ന നമ്മുടെ സഹോദരീ  സഹോദരന്മാരെയും കാര്യക്ഷമമായി പരിപാലിക്കാൻ സ്ഥിരവും ശ്രദ്ധാപൂർവകവുമായി ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ ഒരിക്കൽക്കൂടി ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നമ്മുടെ സഹജീവികളായ മനുഷ്യരോട് നമ്മുടെ ഹൃദയത്തിൽ വാത്സല്യവും സഹതാപവും താത്പര്യവും ഇല്ലെങ്കിൽ പ്രകൃതിയുടെ ബാക്കിഭാഗത്തോടുള്ള അഗാധമായ ഐക്യത്തെക്കുറിച്ചുള്ള ബോധം ശരിയായിരിക്കുകയില്ല." "സമാധാനം, നീതി, സൃഷ്ടിപരിപാലനം എന്നിവ ആന്തരികമായി ബന്ധപ്പെട്ട മൂന്നു പ്രശ്നങ്ങളാണ്. ഒറ്റപ്പെടുത്തി അവയോടു ബന്ധപ്പെടാൻ, അവയെ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ന്യൂനീകരിക്കലാകും."

## 7. പൊതുപാത ചൂണ്ടിക്കാണിക്കുന്ന ഒരു കോമ്പസ്

പാഴാക്കലിന്റെ സംസ്കാരം ആധിപത്യമുറപ്പിക്കുന്ന ഒരു സമയത്ത്, രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വർധിച്ചുവരുന്ന അസമത്വങ്ങളെ നേരിടുന്ന കാലത്ത്, രാഷ്ട്രീയ നേതാക്കളെയും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കളെയും ബിസിനസ് നേതാക്കളെയും ശാസ്ത്രജ്ഞരെയും വാർത്താവിനിമയക്കാരെയും വിദ്യാഭ്യാസ പ്രവർത്തകരെയും ഒരു കാര്യം ചെയ്യാൻ ഞാൻ നിർബന്ധിക്കുന്നു. അതായത്, ഈ തത്ത്വങ്ങളെ പൊതുവായ മാർഗദിശ കാണിക്കാൻ കഴിവുള്ളതും "കൂടുതൽ മാനുഷികമായ ഭാവിയെ" ഉറപ്പുവരുത്തുന്നതുമായ കോമ്പസ് എന്ന നിലയിൽ, ആഗോളവത്കരണത്തിന്റെ പ്രക്രിയയിൽ, സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നു. ഓരോ വ്യക്തിയുടെ വിലയും മഹത്ത്വവും വിലയിരുത്താനും പൊതുനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാനും ദാരിദ്ര്യം, രോഗം, അടിമത്തം, ആയുധംകൊണ്ടുള്ള സംഘട്ടനം, വിവേചനം എന്നിവ സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള കഴിവ് ഇതു നമുക്കു തരും. ഈ കോമ്പസ് കൈയിലെടുക്കാനും സംരക്ഷണസംസ്കാരത്തിന്റെ പ്രവാചകപരമായ സാക്ഷ്യമാകാനും നിലവിലുള്ള അനേകം അസമത്വങ്ങളെ കീഴടക്കാൻ പ്രവർത്തിക്കാനും ഞാൻ ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകൾ വ്യാപകമായും അർത്ഥപൂർണമായും ഉൾപ്പെട്ടാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ.

സംരക്ഷണ സംസ്കാരത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ സത്താപരമായിരിക്കുന്ന സാമൂഹികതത്ത്വങ്ങളുടെ ഈ കോമ്പസ് ഒരാവശ്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സാഹോദര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം, അന്താരാഷ്ട്ര നിയമത്തിന്റെ അനുസരണം എന്നിവയാൽ പ്രചോദിപ്പിക്കപ്പെടണം എന്നതാണത്. ഇതിനെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. മാറ്റിക്കളയാനാവാത്ത, സാർവത്രികമായ വിഭജിക്കാനാവാത്ത മൗലിക മാനുഷികാവകാശങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുകയെന്നതാണ് ആ വസ്തുത.

അതുപോലെ അത്യാവശ്യമാണ് മനുഷ്യത്വപരമായ (humanitarian) നിയമങ്ങളെ ആദരിക്കുകയെന്നത് - പ്രത്യേകിച്ച്, സംഘർഷങ്ങളും യുദ്ധങ്ങളും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുരന്തപരമായ ഒരു വസ്തുതയുണ്ട്. സുരക്ഷിതത്വത്തിലും സമാധാനത്തിലും തങ്ങൾ ജീവിച്ച കാലത്തെപ്പറ്റി അനേകം പ്രദേശങ്ങൾക്കോ സമൂഹങ്ങൾക്കോ ഓർമ്മിക്കാൻ കഴിയുന്നില്ല എന്നതാണത്. അസംഖ്യം നഗരങ്ങൾ സുരക്ഷിതത്വമില്ലായ്മയുടെ ഭൂപ്രദേശങ്ങളാണെന്നതാണത്. സ്ഫോടന വസ്തുക്കൾക്കൊണ്ടും പീരങ്കികൾകൊണ്ടും ചെറിയ യുദ്ധോപകരണങ്ങൾകൊണ്ടും നടത്തുന്ന തരം തിരിവില്ലാത്ത ആക്രമണങ്ങ

ളുടെ മുമ്പിൽ പൗരന്മാർ തങ്ങളുടെ സാധാരണ ജീവിതക്രമം തുടരാൻ കഷ്ടപ്പെടുന്നു. കുട്ടികൾക്കു പഠിക്കാൻ പറ്റുന്നില്ല. സ്ത്രീപുരുഷന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെ പോറ്റാൻ വേണ്ടി ജോലിചെയ്യാൻ പറ്റുന്നില്ല. പട്ടിണിയെപ്പറ്റി മുമ്പ് അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ പട്ടിണി വ്യാപിക്കുന്നു. ഓടിപ്പോകാൻ ആളുകൾ നിർബന്ധിക്കപ്പെടുന്നു. അവരുടെ വീടുകൾ മാത്രമല്ല കുടുംബചരിത്രവും സാംസ്കാരിക വേരുകളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുന്നു.

ഇത്തരം സംഘട്ടനങ്ങൾക്ക് അനേകം കാരണങ്ങളുണ്ട്. എന്നാൽ ഫലം എപ്പോഴും ഒന്നാണ്: അതായത് നാശവും മാനുഷിക വിഷമാവസ്ഥകളും. നമ്മൾ നമ്മോടുതന്നെ ഇങ്ങനെ ചോദിക്കണം: സംഘട്ടനത്തെ സാധാരണ കാര്യമായി കാണാൻ നമ്മുടെ ലോകത്തെ പ്രേരിപ്പിച്ചത് എന്താണ്? ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും യഥാർത്ഥ സമാധാനത്തിനുവേണ്ടി അധ്വാനിക്കാൻ നമ്മുടെ ഹൃദയങ്ങളെ എങ്ങനെ തിരിക്കാൻ കഴിയും? നമ്മുടെ ചിന്താരീതികളെ എങ്ങനെ മാറ്റാൻ കഴിയും?

ആയുധങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച ന്യൂക്ലിയർ ആയുധങ്ങൾക്കുവേണ്ടി, എന്തുമാത്രം വിഭവങ്ങളാണ് ഉപയോഗിക്കുന്നത്? അവ കൂടുതൽ ശ്രദ്ധേയവും മുൻഗണനാപരവുമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്നു: വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ, സമാധാനം സമഗ്ര മാനുഷിക വികസനം എന്നിവയെ വളർത്താൻ, ദാരിദ്ര്യത്തിനെതിരേ സമരം ചെയ്യാൻ, ആരോഗ്യപരിപാലനം നടപ്പിലാക്കാൻ. ഇപ്പോഴത്തെ കോവിഡ് 19 എന്ന പകർച്ചവ്യാധിയും കാലാവസ്ഥാ മാറ്റവും ഈ വെല്ലുവിളികളെ കൂടുതൽ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളത്. താഴെപ്പറയുന്ന തീരുമാനം എത്രയോ ധീരമായതായിരിക്കും: "ആയുധങ്ങൾക്കും യുദ്ധച്ചെലവുകൾക്കുമായി ഉപയോഗിക്കുന്ന പണം കൊണ്ട് ഒരു ആഗോളഫണ്ട് സ്ഥാപിക്കുക- വിശപ്പിന്റെ പ്രശ്നം എന്നേക്കുമായി ഇല്ലായ്മ ചെയ്യാനും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തിനു സംഭാവന ചെയ്യാനും വേണ്ടിയുള്ള ഫണ്ട്."

## 8. സംരക്ഷണ സംസ്കാരത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം

സംരക്ഷണസംസ്കാരത്തെ വളർത്തുന്നതിന് ഒരു വിദ്യാഭ്യാസ പ്രക്രിയ ആവശ്യമുണ്ട്. സാമൂഹിക തത്ത്വങ്ങളുടെ കോമ്പസ് പരസ്പരബന്ധമുള്ള ധാരാളം സാഹചര്യങ്ങളിൽ ഉപകാരപ്രദവും വിശ്വസനീയവുമാണെന്നു തെളിയും. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ:

- ☑ സംരക്ഷണത്തിനായി ജനങ്ങളെ പഠിപ്പിക്കുകയെന്നത് കുടുംബത്തിൽ തുടങ്ങുന്നു. കുടുംബം സമൂഹത്തിന്റെ സ്വാഭാവികവും മൗലികവുമായ ന്യൂക്ലിയസാണ്. എങ്ങനെ ജീവിക്കണമെന്നും പരസ്പര ബഹുമാനത്തിന്റെ ചൈതന്യത്തോടെ മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണമെന്നും നമ്മൾ പഠിക്കുന്നത് അവിടെവച്ചാണ്. എന്നാലും ജീവദായകവും അനുപേക്ഷണീയവുമായ ഈ ധർമ്മം നിർവഹിക്കുന്നതിനു കുടുംബങ്ങളെ ശക്തിപ്പെടുത്തണം.

- ☑ കുടുംബത്തോടൊപ്പം വിദ്യാലയങ്ങളും യൂണിവേഴ്സിറ്റികളും – ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്ക മാധ്യമങ്ങളും വിദ്യാഭ്യാസം നല്കാൻ കടപ്പെട്ടവയാണ്. അവ മൂല്യങ്ങളുടെ ഒരു വ്യവസ്ഥിതി കൈമാറണം. അത് ഓരോ വ്യക്തിയുടെയും ഭാഷാപരമോ വംശപരമോ മതപരമോ ആയ സമൂഹത്തിന്റെയും ഓരോ ജനതയുടെയും മഹത്വത്തെ അംഗീകരിക്കണം. ആ അംഗീകാരത്തിൽ നിന്നുണ്ടാകുന്ന മൗലികാവകാശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളുടെ വ്യവസ്ഥിതിയായിരിക്കണം. കൂടുതൽ നീതിപൂർവകവും സഹോദരപരവുമായ സമൂഹത്തിന്റെ സ്തംഭങ്ങളിലൊന്നാണ് വിദ്യാഭ്യാസം.

- ☑ പൊതുവേ മതങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും അനുപേക്ഷണീയമായ ഒരു ധർമ്മം നിർവഹിക്കാൻ കഴിയും. അനുയായികൾക്കും പൊതുവേ സമൂഹത്തിനും ഐക്യദാർഢ്യത്തിന്റെ മൂല്യങ്ങളെയും വ്യത്യാസങ്ങളോടുള്ള ആദരവിനെയും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരന്മാരെ സംബന്ധിച്ച താത്പര്യത്തെയും കൈമാറാൻ അവർക്കു കഴിയും. പോൾ 6-ാമൻ മാർപാപ്പ 1969-ൽ ഉഗാണ്ടൻ പാർലിമെന്റിനോടു പറഞ്ഞ വാക്കുകളെ ഞാനിവിടെ ഓർമ്മിപ്പിക്കുന്നു: "സഭയെ ഭയപ്പെടരുത്. അവൾ നിങ്ങളെ ബഹുമാനിക്കുന്നു, അവൾ സത്യസന്ധരും വിശ്വസ്തരുമായ പൗരന്മാരെ നിങ്ങൾക്കായി പഠിപ്പിച്ചെടുക്കുന്നു, അവൾ മാത്സര്യങ്ങളെയും വിഭജനങ്ങളെയും വളർത്തുന്നില്ല. ആരോഗ്യകരമായ സ്വാതന്ത്ര്യവും സാമൂഹികനീതിയും സമാധാനവും വളർത്താൻ അവൾ പരിശ്രമിക്കുന്നു. അവൾക്ക് എന്തെങ്കിലും പ്രത്യേക താത്പര്യമുണ്ടെങ്കിൽ അത് ദരിദ്രരെ സംബന്ധിച്ചാണ് – കുട്ടികളുടെയും ജനതയുടെയും വിദ്യാഭ്യാസത്തിന്, സഹിക്കുന്നവരെയും പരിത്യക്തരെയും പരിപാലിക്കുന്നതിന് ഉള്ള താത്പര്യം തന്നെ."

പബ്ളിക് സർവീസിലും സർക്കാർ സംബന്ധവും അല്ലാത്തതുമായ അന്താരാഷ്ട്ര സംഘടനകളിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ വിവിധ രീതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഞാൻ ഒരിക്കൽക്കൂടി പ്രോത്സാഹിപ്പിക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി അധ്വാനിക്കാനാണത്. "കൂടുതൽ തുറവിയുള്ളതും സമഗ്രവുമായ വിദ്യാഭ്യാസം, ക്ഷമാപൂർവകമായ ശ്രവണവും സർഗാത്മകമായ സംവാദവും കൂടുതൽ നല്ല പരസ്പരധാരണയും നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടിത്തന്നെ" വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോള കോംപാക്റ്റിന്റെ സാഹചര്യത്തിൽ ഞാൻ നടത്തുന്ന ഈ അഭ്യർത്ഥന വ്യാപകമായ തോതിൽ തിരിച്ചറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

### 9. സംരക്ഷണ സംസ്കാരമില്ലാതെ സമാധാനമുണ്ടാവുകയില്ല

അങ്ങനെ സംരക്ഷണസംസ്കാരം പൊതുവായ, പിന്താങ്ങുന്ന, സമ്പൂർണമായ, ഒരു സമർപ്പണത്തെ ആവശ്യപ്പെടുന്നു: എല്ലാവരുടെയും മഹത്ത്വത്തെയും നന്മയെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യാൻ, പരിപാലനയും സഹാനുഭൂതിയും പ്രകടിപ്പിക്കാനുള്ള സന്മനസ്സ് ഉണ്ടായിരിക്കാൻ, അനുരഞ്ജനത്തിനും സുഖപ്പെടുത്തലിനുംവേണ്ടി അധ്വാനിക്കാൻ, പരസ്പര ബഹുമാനവും സ്വീകരണവും വളർത്താൻ. അത് സ്വയമേ സമാധാനത്തിലേക്കുള്ള സവിശേഷാനുകൂല്യമുള്ള പാതയാണ്. "ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ തുറന്നിരിക്കുന്ന വ്രണങ്ങൾ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതകൾ ആവശ്യമുണ്ട്. സമാധാന സ്ഥാപകരെയും സുഖപ്പെടുത്തലിന്റെയും നവീകൃത കണ്ടുമുട്ടലിന്റെയും പ്രക്രിയയ്ക്കായി ധീരതയോടും സർഗാത്മകതയോടും കൂടി അധ്വാനിക്കാൻ തയ്യാറുള്ള സ്ത്രീപുരുഷന്മാരെയും ആവശ്യമുണ്ട്."

മനുഷ്യവംശത്തിന്റെ വഞ്ചി ഇന്നത്തെ വിഷമസന്ധിയുടെ കൊടുങ്കാറ്റിൽ ഉലയുന്നു. കൂടുതൽ പ്രശാന്തമായ ചക്രവാളത്തിലേക്കു നീങ്ങുവാൻ കഷ്ടപ്പെടുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യമഹത്ത്വത്തിന്റെ ചുക്കാൻ മൗലിക സാമൂഹിക തത്ത്വങ്ങളാകുന്ന കോമ്പസ് എന്നിവയ്ക്ക് നമ്മെ ഒന്നിച്ച് സുരക്ഷിതസ്ഥലത്തേക്കു നയിക്കാൻ കഴിയും. ക്രൈസ്തവരെന്ന നിലയിൽ നമ്മൾ എപ്പോഴും സമുദ്രതാരവും പ്രത്യാശയുടെ അമ്മയുമായ കന്യകാമറിയത്തിലേക്കു നോക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പരസ്പരമുള്ള പിന്താങ്ങലിന്റെയും സ്വീകരണത്തിന്റെയും പുതിയ ചക്രവാളത്തിലേക്ക് മുന്നേറാൻ നമുക്ക് ഒന്നിച്ച് അധ്വാനിക്കാം. മറ്റുള്ളവരെ, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെ അവഗണിക്കാനും മറുവശത്തേക്കു നോക്കാനുമുള്ള പ്രലോഭനത്തിനു നമുക്ക് ഒരിക്കലും കീഴടങ്ങാതിരിക്കാം. പകരം "പരസ്പരം സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുടെ സമൂഹത്തെ രൂപപ്പെടുത്താൻ" വസ്തുനിഷ്ഠവും പ്രായോഗികവുമായ രീതിയിൽ നമുക്കു പരിശ്രമിക്കാം.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2020
ഫ്രാൻസിസ് പാപ്പാ

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം 29-ാം ലോകരോഗീ ദിനം - 2021

*"നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ; നിങ്ങളെല്ലാവരും സഹോദരന്മാരാണ്"*
(മത്താ 23:8).

## രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

ഇരുപത്തി ഒൻപതാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11-നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യ ശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആഗോള പകർച്ചവ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മിക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറം പോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

1. ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ യേശു അവിടെ വിമർശിക്കുന്നു (cf. മത്താ 23:1-12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്. അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധനയിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് യേശു ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നത്. അവിടന്നു നമ്മോടു പറയുന്നു: "നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്" (വാക്യം 8).

"പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കുകയും" ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ ക്രിസ്തു നടത്തുന്ന വിമർശനം എപ്പോഴും എല്ലാ

യിടത്തും സഹായകമാണ്. കാരണം, കാപട്യമെന്ന വലിയ തിന്മയിൽ നിന്ന് ഒഴിവുള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവത്രിക സാഹോദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏകപിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു. നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധത്തിൽ പ്രത്യുത്തരിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. നിന്ന് ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേതാക്കിത്തീർക്കാനും അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30-35).

2. രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവരെകൊണ്ട് നമുക്കുള്ള ആവശ്യവും നമുക്കു മനസ്സിലാക്കിത്തരുന്നു. ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും പിടിച്ചമർത്തിയേക്കാം. നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിരന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കുന്നു. അത് വിശ്വാസത്തിൽ നാം ദൈവ തിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭിമുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നു വരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടുകാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടുത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ അല്ലെന്ന് ഉറപ്പു

പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു. മുറിപ്പെടുകയും സുഖമാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവിനോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: “അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു” (42:5).

3. രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22). ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭിച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യപാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാസിനീ സന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യത്തെയും പകർച്ചവ്യാധി ഉയർത്തിക്കാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മ-ദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുകയും ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശ്ശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയാക്കാരനായ യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ

പ്രത്യേകമാംവിധം സ്നേഹിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (cf. യോഹ 13:34–35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, ക്രിസ്തുവിലുള്ള സഹോദരസ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചു കളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾക്കൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണയ്ക്കാൻ വേണ്ടിയുള്ളതായിരിക്കും. "സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം...നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്" (Homily in Havanna, 20 Sept. 2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലരായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക് നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസ്സിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം, നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്" (ibid).

4. ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം, അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf. New Charter for Health Care Workers [2016], 4). ആരോഗ്യ ശുശ്രൂഷ ആവശ്യമുള്ളവരും അതു നല്കുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടിക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിലും ലഭ്യതയിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും രോഗികളുടെ മഹത്വത്തെ ആദരിക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് ക്രിസ്തുവിന്റെ പരസ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളുടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവത്തിന് പൂർണമായ അർത്ഥം നല്കാൻ കഴിയുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെക്കൂടെ വ്യക്തമാക്കുന്നുണ്ട്. യേശു സുഖപ്പെടുത്തുന്നത് മാജിക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായിട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യന്തരബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. യേശു മിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ: “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”

5. പ്രിയ സഹോദരീസഹോദരന്മാരേ, യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്കപ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കും വിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്കു പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവാദം ഹൃദയപൂർവം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020

ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

## 1. വൈദികരുടെ സ്ഥലമാറ്റവും നിയമനവും

ബഹു. വൈദികർ:

| | | |
|---|---|---|
| കവളക്കാട്ട് സെബാസ്റ്റ്യൻ | : | വികാരി, കരികണ്ടൻപാറ |
| അന്തീനാട്ട് ജോസഫ് | : | അസി. വികാരി, കോടഞ്ചേരി |
| ചിറത്തലയ്ക്കൽ ജോസഫ് | : | അസി. വികാരി, പാറോപ്പടി |
| ചിറയത്ത് ലോനപ്പൻ OFM Cap | : | അസി. വികാരി, ചക്കിട്ടപാറ |
| ചീരമറ്റത്തിൽ സെബാസ്റ്റ്യൻ | : | അസി. വികാരി, തോട്ടുമുക്കം |
| എടാട്ട് ജോൺ ജോസഫ് OFM Cap | : | അസി. വികാരി, ഈസ്റ്റ് ഹിൽ |
| കിളിയൻപറമ്പിൽ ജോസഫ് | : | അസി. വികാരി, മരുതോങ്കര |
| കോട്ടയ്ക്കൽ മാത്യു | : | അസി. വികാരി, ചെമ്പനോട |
| കുടിയിരിക്കൽ തോമസ് | : | അസി. വികാരി, പുല്ലൂരാംപാറ |
| പുത്തൻവീട്ടിൽ കുര്യാക്കോസ് | : | അസി. വികാരി, കൂരാച്ചുണ്ട് |
| സ്രാമ്പിക്കൽ അബ്രാഹം | : | അസി. വികാരി, ചേവായൂർ |
| തെക്കേക്കരമറ്റത്തിൽ മാത്യു | : | അസി. വികാരി, തിരുവമ്പാടി |
| വല്യാത്ത് പൈലി OFM Cap | : | അസി. വികാരി, കണ്ണോത്ത് |
| വരിക്കാനിക്കൽ മാത്യു | : | അസി. വികാരി, കക്കാടംപൊയിൽ |
| കരിയിൽ മാത്യു OFM Cap | : | ചുമതലയിൽ നിന്ന് വിടുതൽ |
| തോണിക്കുഴി മാത്തായി CMI | : | ചുമതലയിൽ നിന്ന് വിടുതൽ |

### ദീപിക മേഖല ഡയറക്ടേഴ്സ്

| | | |
|---|---|---|
| ചുണ്ടയിൽ ജോസഫ് | : | മലപ്പുറം |
| ഐക്കുളമ്പിൽ കുര്യാക്കോസ് | : | പെരിന്തൽമണ്ണ |
| കളത്തിൽ ജോസഫ് | : | പാറോപ്പടി |
| കണ്ടത്തിൽ വിൻസെന്റ് | : | കൂരാച്ചുണ്ട് |
| കിഴക്കരക്കാട്ട് സുധീപ് | : | തോട്ടുമുക്കം |
| കോട്ടയ്ക്കൽ മാത്യു | : | മരുതോങ്കര |
| കൊച്ചുകൈപ്പയിൽ കുര്യാക്കോസ് | : | വിലങ്ങാട് |
| മഴുവഞ്ചേരി അബ്രാഹം | : | താമരശ്ശേരി |
| നെടുമല സഖറിയ | : | കോടഞ്ചേരി |
| പനച്ചിക്കൽ അലക്സ് | : | തിരുവമ്പാടി |
| പൂവത്തിങ്കൽ പോൾ | : | കരുവാരകുണ്ട് |

**3. ലോക രോഗീദിനം**

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. ഈ ദിവസമോ ഇതിനടുത്ത ദിവസങ്ങളിലോ രോഗികളായി നമ്മുടെ ഇടവകളിലെ കുടുംബങ്ങളിൽ കഴിയുന്നവർക്ക് ആവശ്യാനുസരണം കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുന്നത് നല്ലതായിരിക്കും.

**4. തിരുബാല സഖ്യദിനം**

ഫെബ്രുവരി 14 ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാല സഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. പ്രത്യേക സംരക്ഷണം ആവശ്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി ആഗോളതലത്തിൽ നടത്തുന്ന പ്രത്യേക പിരിവ് ഈ ദിവസം നടത്തുകയും രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**5. വലിയനോമ്പ്, വിഭൂതി**

2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച പാതിര മുതലാണ് ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നത്. 15-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന കാര്യം പ്രത്യേകം ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

**6. സ്റ്റാറ്റിസ്റ്റിക്കൽ ഫോം**

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയയ്ക്കുന്ന നിർദ്ദിഷ്ടഫോം ഈ വർഷവും ഇടവകകളിലേക്ക് അയക്കുന്നതാണ്. മാർച്ച് 15ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് ചാൻസലറുടെ പേരിൽ അയച്ചു നൽകേണ്ടതാണ്.

**8. സ്വാഗതം, നന്ദി**

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന ബഹു. എടാട്ട് ജോൺ ജോസഫ് OFM Cap., ബഹു. ചിറയത്ത് ലോനപ്പൻ OFM Cap., വല്യാത്ത് പൈലി OFM Cap., ബഹു. വരിക്കാനിക്കൽ മാത്യു എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

രൂപതയിലെ അജപാലനശുശ്രഷകൾക്ക് ശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. തോണിക്കുഴി മാത്യു CMI, ബഹു. കരിയിൽ മാത്യു OFM**

**Cap** എന്നീ വൈദികർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**9. ക്രൈസ്തവ പിന്നോക്കാവസ്ഥ പഠിക്കാനുള്ള കമ്മീഷൻ**

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതികൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കേരള സംസ്ഥാന ഗവൺമെന്റ് 2020 നവംബർ 5-ാം തിയതി ജസ്റ്റിസ് ജെ.ബി. കോശി അദ്ധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്നു. നമ്മുടെ സമൂഹം അനുഭവിക്കുന്ന പിന്നോക്കാവസ്ഥ പഠനവിധേയമാക്കണമെന്ന് വളരെ നാളുകളായി പിതാക്കന്മാരും സംഘടനാ, അല്മായ നേതാക്കന്മാരുംആവശ്യപ്പെട്ടു കൊണ്ടിരുന്നത് പരിഗണിച്ചാണ് സർക്കാർ ഈ കമ്മീഷനെ നിയമിച്ചിരിക്കുന്നത്.

കേരളത്തിലെ മറ്റുചില സമുദായങ്ങളുടെ സാമ്പത്തിക, സാമൂഹ്യസ്ഥിതി പഠിക്കുവാൻ സംസ്ഥാന സർക്കാർരൂപീകരിച്ച കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആ സമുദായങ്ങൾക്ക് ക്ഷേമപദ്ധതികളിലും മറ്റും വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം ലഭിക്കുകയുണ്ടായി. ഇപ്പോൾക്രൈസ്തവസമൂഹത്തിനു വേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന ഈ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ നമ്മുടെ സമുദായത്തിന് ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെയും മറ്റ് ഗവൺമെന്റ് ആനുകൂല്യങ്ങളുടെയും ഫലം ലഭിക്കുന്നത്. അതുകൊണ്ട് വളരെ ഗൗരവത്തോടെ കമ്മീഷന്റെ മുമ്പിൽ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ആവശ്യങ്ങൾ ഉന്നയിക്കാൻ നമുക്ക് സാധിക്കണം.

നമ്മുടെ സമൂഹം ഇന്ന് സാമൂഹികമായും സാമ്പത്തികമായുംവിദ്യാഭ്യാസ, തൊഴിൽ മേഖലകളിലും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയിലെ  വിവിധ പ്രശ്നങ്ങളും തൊഴിലില്ലായ്മയും പ്രവാസികളുടെ തിരിച്ചുവരവും ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ നാം നേരിട്ടുകൊണ്ടിരിക്കുന്നു. ഒട്ടുമിക്ക ആളുകളും കടക്കെണിയിലാണ്. നമ്മുടെ യഥാർത്ഥസ്ഥിതി ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ നമുക്കു ലഭിച്ചിരിക്കുന്ന സുവർണ്ണാവസരമാണ് ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന്റെ നിയമനം. ഈ സാഹചര്യം നാം പരമാവധി പ്രയോജനപ്പെടുത്തണം.

ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ ഫെബ്രുവരി മാസത്തിൽ സിറ്റിങ്ങിനായി എത്തുമ്പോൾ, കമ്മീഷന്റെ മുമ്പാകെ നമ്മുടെ സാമൂഹിക, സാമ്പത്തിക അവസ്ഥയും കാർഷികമേഖലയിലും മറ്റും നമ്മൾ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായും ശാസ്ത്രീയമായും പഠിച്ച് വ്യക്തമായ സ്ഥിതിവിവരക്കണക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളിലും രൂപതകളിലും നടക്കുന്ന സർവ്വേയുടെ ഭാഗമായി നമ്മുടെ രൂപതയിലും സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നുണ്ട്. തൃശൂർ അതിരൂപതയുടെ കീഴിലുള്ള PAROCഎന്ന ഗവേഷണ സ്ഥാപനത്തിന്റെ സഹായത്തോടെ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബ

ങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സെൻസസ് സർവ്വേയാണ് നാം നടത്താൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉടനെതന്നെ വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്.

### 10. സ്മരണാഞ്ജലി

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**

## സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. പോൾ കളപ്പുര**
**11-02-1998**



**റവ. ഫാ. മാത്യു മുതിരചിന്തിയിൽ**
**24-02-2011**

# വൊക്കേഷൻ ബ്യൂറോ

നമ്മുടെ രൂപതയിലെ വൊക്കേഷൻ ബ്യുറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നന്റെ ഭാഗമായി രൂപതയെ 3 സോണുകളായി തിരിച്ച് 3 വൊക്കേഷൻ പ്രൊമോട്ടേഴ്സിനെ അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നു. മുൻവർഷങ്ങളിൽ നമ്മുടെ രൂപതയ്ക്ക് ആവശ്യമായ ദൈവവിളികൾ ലഭിച്ചിരുന്നത് നമ്മൾ നടത്തിയിരുന്ന വൊക്കേഷൻ ക്യാമ്പുകളിലൂടെ ആയിരുന്നു. കോവിഡിന്റെ അലയടികൾ ഇനിയും അവസാനിച്ചിട്ടില്ലാത്ത ഈ സാഹചര്യത്തിൽ വൊക്കേഷൻ ക്യാമ്പ് നടത്തുക സാധ്യമല്ലല്ലോ. അതിനാൽ നമ്മുടെ സെമിനാരിയിൽ ചേരാൻ താല്പര്യമുള്ള കുട്ടികളുടെ പേര്വിവരങ്ങൾ നിർദ്ദേശിച്ചാൽ തുടർപ്രവർ ത്തനങ്ങൾ ചെയ്യുന്നതാണ്.

ഓരോ സോണിന്റെയും ചുമതല ഉള്ള ബഹു. അച്ചൻമാരുടെ പേരുകൾ ഒരിക്കൽ കൂടി നൽകുന്നു.

**ഫൊറോനകൾ**

| | | |
|---|---|---|
| താമരശ്ശേരി, കൂരാച്ചുണ്ട് | – | ഫാ. ചെറിയാൻ പൊങ്ങൻപാറ Mob.8281797420 |
| തിരുവമ്പാടി, പാറോപ്പടി, കോടഞ്ചേരി, തോട്ടുമുക്കം | – | ഫാ. അലക്സ് പനച്ചിക്കൽ Mob. 9048309336 |
| വിലങ്ങാട്, മരുതോങ്കര | – | ഫാ. ചാക്കോ മുണ്ടക്കൽ Mob. 9446890870 |
| പെരിന്തൽമണ്ണ, മലപ്പുറം, കരുവാരകുണ്ട് | – | ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ Mob. 8547952774 |

**ഫാ. ചെറിയാൻ പൊങ്ങൻപാറ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# മതബോധനം

ജോയേൽ പ്രവാചകന്റെ പുസ്തകം 2:12-13 വാക്യത്തിൽ പറയുന്നു; "കർത്താവ് അരുളിച്ചെയ്യുന്നു. ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേയ്ക്ക് തിരിച്ചു വരുവിൻ. നിങ്ങളുടെ ഹൃദയമാണ് വസ്ത്ര മല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് മടങ്ങുവിൻ. എന്തെന്നാൽ അവിടുന്ന് ഉദാരമതിയും, കാരുണ്യവാനും, ക്ഷമാശീലനും സ്നേഹ സമ്പന്നനുമാണ്. ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ് അവിടുന്ന്."

നാം നോമ്പുകാലത്തേയ്ക്ക് പ്രവേശിക്കാൻ പോകുകയാണ്. പാപവും പാപജീവിതവും ഉപേക്ഷിച്ച് കർത്താവിങ്കലേയ്ക്ക് തിരിയാനുള്ള ആഹ്വാന മാണ് നോമ്പുകാലം നമുക്ക് നൽകുന്നത്. പാപങ്ങളെ ഓർത്ത് വിലപി ക്കാനും നെടുവീർപ്പെടുവാനും പരിഹാരമായി ഉപവാസം അനുഷ്ഠിക്കാനും നോമ്പ് നമ്മോട് ആവശ്യപ്പെടുന്നു. അനുതാപത്തോടെ നാം ദൈവത്തിന്റെ പക്കലേക്ക് തിരിച്ചു വന്നാൽ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ സ്വന്തമാക്കുന്നു. അനുഗ്രഹപ്രദമായ ഒരു നോമ്പുകാലം എല്ലാവർക്കും ആശംസിക്കുന്നു.

### HCC പരീക്ഷകൾ

2021 HCC I, HCC II പരീക്ഷകൾ ജനുവരി 26-ാം തീയതി ഉച്ചയ്ക്ക് ശേഷം 2 മുതൽ 4 മണി വരെ ഇടവക കേന്ദ്രീകരിച്ച് നടന്നു. 120 സെന്ററുക ളിലായി 3170 കുട്ടികൾ പരീക്ഷ എഴുതി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എഴുത്ത് പരീക്ഷകൾ കൃത്യതയോടും ചിട്ടയോടും കൂടെ ഓരോ ഇടവക യും കേന്ദ്രീകരിച്ച് നടന്നു. പരീക്ഷകൾ ഭംഗിയായി നടക്കാൻ ആത്മാർത്ഥ മായി സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി പറയുന്നു.

### മേഖലാതല മൂല്യനിർണ്ണയം

HCC പരീക്ഷകളുടെ മൂല്യനിർണ്ണയം പതിവിനു വിരുദ്ധമായി മേഖലാ തലത്തിലാണ് ക്രമീകരിച്ചത്. ജനുവരി 30 ശനിയാഴ്ച മേഖലാ, ഡയറക്ടർമാരുടെയും പ്രസിഡന്റുമാരുടെയും മേൽനോട്ടത്തിൽ മേഖലാ കേന്ദ്രങ്ങളിൽ നടന്നു. HCC I, HCC II ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയത്തിന് സഹായിച്ചു.

### അഭിവന്ദ്യ പിതാവിന്റെ പുതുവർഷ സന്ദേശം

അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് പുതുവത്സരത്തിൽ അധ്യാപ കർക്കും, കുട്ടികൾക്കും മാതാപിതാക്കൾക്കുമായി കാറ്റെകിസം യൂട്യൂബ് ചാനൽ വഴി പുതുവർഷ സന്ദേശം നൽകി. പ്രത്യാശയോടെ പുതുവർഷം ആരംഭിക്കാനും വിശ്വാസത്തിൽ അടിയുറച്ച് പുതുവർഷത്തിൽ മുന്നേറാനും പിതാവ് ആഹ്വാനം ചെയ്തു.

### Behold Christ (അശോകപുരം ഇടവക)

ഡിസംബർ മാസത്തിലെ Behold Christ അശോകപുരം ഇൻഫന്റ് ജീസസ് ദേവാലയത്തിൽ നടന്നു. ഫാ. ജിബി OFM Cap. 'ദിവ്യകാരുണ്യവും പുതുവർഷവും' എന്ന വിഷയത്തെക്കുറിച്ച് വചനസന്ദേശം നൽകി. ദിവ്യകാ രുണ്യ ആരാധനയ്ക്ക് ശേഷം ബഹുമാനപ്പെട്ട വികാരി ജെയിംസ് കുഴിമറ്റത്തിൽ അച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംങ്ങ് കൂടുകയും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### സഭാ വാർത്തകൾ

ജനുവരി 17,24,31 ഞായറാഴ്ചകളിൽ ഓരോ ആഴ്ചയിലെയും പ്രധാന സഭാവാർത്തകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾ തിരുസഭാ വാർത്തകൾ അവതരിപ്പിച്ചു. സഭയുടെ പ്രവർത്തനങ്ങളും സ്പന്ദനങ്ങളും മനസിലാ ക്കാൻ വാർത്തകൾ കുട്ടികളെ സഹായിച്ചു.

### വിശുദ്ധരെ അറിയാം

ജനുവരി 10,17,24,31 തീയതികളിൽ 4 വിശുദ്ധരുടെ ജീവിത വഴികൾ കുട്ടികൾ കാറ്റെകിസം യൂട്യൂബ് ചാനലിലൂടെ അവതരിപ്പിച്ചു. വിശുദ്ധരെ പരിചയപ്പെടാനും ആ ജീവിത വഴികൾ പിൻതുടരുവാനും കുട്ടികളുടെ പ്രസംഗങ്ങൾ പ്രചോദനമായി.

### Buds of Jesus

ജനുവരി 10,17,24,31 തീയതികളിൽ ബൈബിൾ നഴ്സറികളിൽ പഠിക്കുന്ന കുട്ടികളുടെ വിശ്വാസപരിശീലനത്തിന് സഹായിക്കാൻ Buds of Jesus ന്റെ ക്ലാസുകൾ കുട്ടികൾക്കായി ക്രമീകരിച്ചു. SABS സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സാണ് കുഞ്ഞുങ്ങളുടെ ഈ ക്ലാസുകൾ നയി ക്കുന്നത്.

### Study leave for HCC students

HCC വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് വേണ്ടി ഒരുമിച്ചുകൂട്ടി നിർദ്ദേശങ്ങൾ നൽകാനും റിവിഷൻ നടത്തുന്നതിനും ജനുവരി 17,24 ഞായറാഴ്ചകൾ സ്റ്റഡി ലീവ് നൽകി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# ബൈബിൾ അപ്പസ്തോലേറ്റ്

2019 ഡിസംബർ 25-ാം തീയതി മുതൽ 2020 ഡിസംബർ 25-ാം തീയതി വരെ താമരശ്ശേരി രൂപതയിൽ നടത്തിയ സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുത്ത് മത്സരത്തിൽ അഭൂതപൂർവ്വമായ പങ്കാളിത്തത്തിൽ പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി. ധാരാളം പേർ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും അഭിനന്ദനങ്ങൾ. സമ്പൂർണ്ണ ബൈബിൾ എഴുതി പൂർത്തിയാക്കി സമ്മാനാർഹരായ വരുടെ പേരുകൾ താഴെകൊടുക്കുന്നു.

കോവിഡ് - 19 പശ്ചാത്തലത്തിൽ സമ്മാനർഹരെ ഒരുമിച്ചുകൂട്ടി നടത്തുന്ന അനുമോദന യോഗത്തിന്റെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**അടയ്ക്കാക്കുണ്ട്**

1 റെന്നി സെബാസ്റ്റ്യൻ ഈറ്റത്തോട്ടം
2 ഷാജു കളരിക്കൽ
3 ഷൈനി ടോംസൺ പനന്താനം

**ആനക്കാംപൊയിൽ**

4 തങ്കമ്മ മൈക്കിൾ കണിയാംകണ്ടത്തിൽ

**ചക്കിട്ടപാറ**

5 മഞ്ജു മഞ്ചാടിക്കൽ
6 ജാൻസി തോമസ്
7 ലിബിന തീക്കുഴിവയലിൽ
8 ടിന്റു കൂത്രാപ്പള്ളിൽ

**ചെമ്പനോട**

9 പൗളിൻ തോമസ് ഉറുമ്പുങ്കൽ

**ചേവായൂർ**

10 ബീന ജോസഫ് കിഴക്കേപ്പറമ്പിൽ

**ചാപ്പൻതോട്ടം**

11 ബീന മൈലപ്പറമ്പിൽ
12 മരീന വാതപ്പള്ളിൽ
13 ജോബി ആനിക്കാട്ടുകുന്നേൽ
14 ലിബി കുരിശുംമൂട്ടിൽ
15 ജിൻസി കാരക്കാട്ട്

**ദേവഗിരി**

16 ജെസ്സി തോമസ് മാറാട്ടിൽ

**കണ്ണോത്ത്**

17 കൂഞ്ഞൂഞ്ഞമ്മ നെല്ലിപ്പുഴ
18 ഷീജ കാരക്കാട്ട്
19 മേരിക്കുട്ടി മുട്ടത്തുപ്പറമ്പിൽ
20 മേരി മണ്ണൂർ
21 മറിയക്കുട്ടി അറക്കലേട്ട്
22 ജോണി കാഞ്ഞിരത്താംകുന്നേൽ
23 ഏലിയാമ്മ ചക്കാലയിൽ
24 ചിന്നമ്മ ആനിമൂട്ടിൽ
25 റോസമ്മ വർക്കി വടക്കൻവീട്ടിൽ
26 ഷൈനി ചന്ദ്രൻകുന്നേൽ

27 സാലി മംഗലത്ത്
28 സോഫിയ കുറുവച്ചിറ
29 ചിന്നമ്മ മോളേക്കുന്നേൽ
30 ജീമോൾ പട്ടേരി
31 അച്ചാമ്മ ജോർജ്ജ് മേനമ്പാടത്ത്
32 മേഴ്സി പൊരുന്നേടത്ത്
33 മിനി കാഞ്ഞിരത്താംകുന്നേൽ
34 ഏലിയാമ്മ കാകത്ത്

**കല്ലുരുട്ടി**

35 ബേബി ഇരുമ്പൂഴിയിൽ
36 ലൂസി പുറവക്കാട്ട്

**കട്ടിപ്പാറ**

37 പ്രീത സോയി പുളിക്കൽ
38 ജിൻസി തോമസ് കൊച്ചുവീട്ടിൽ

**കൂടരഞ്ഞി**

39 ജെസ്സി ബിജു നെല്ലിക്കത്തെരുവിൽ
40 മേരി തോമസ് അഞ്ചേരിൽ

**കുപ്പായക്കോട്**

41 ചിന്നമ്മ പൗലോസ് കാക്കനാട്ട്
42 എൽസമ്മ സെബാസ്റ്റ്യൻ തൈക്കൽ
43 എൽസമ്മ അഗസ്റ്റിൻ താഴെതൊട്ടിയിൽ

**കുളത്തുവയൽ**

44 റിനി ഷാജു കണക്കഞ്ചേരിൽ
45 ജാൻസി പ്രകാശ് ചിറയ്ക്കൽ
46 ലീലാമ്മ തടത്തിൽ
47 മേരി ചിറത്തലയ്ക്കൽ
48 നിത പ്രദീപ് ചിരട്ടവയൽ
49 കൊച്ചുത്രേസ്യ കൊച്ചുവീട്ടിൽ

**കൂരാച്ചുണ്ട്**

50 ജിൻസി കലവനാൽ

**കുണ്ടുതോട്**

51 അന്നക്കുട്ടി ആലയ്ക്കൽ
52 പെണ്ണമ്മ പാടിക്കൽ
53 ജോബി മുണ്ടമറ്റം
54 എഡ്വിൻ വട്ടമറ്റം

**കക്കാടംപൊയിൽ**

55 മരിയ ജോസഫ് പാട്ടശ്ശേരിൽ

**മരഞ്ചാട്ടി**

56 ത്രേസ്യാമ്മ പന്തപ്പള്ളിൽ

**മാങ്കാവ്**

57 അന്നമ്മ ജോസഫ് പൊയ്കയിൽ
58 ക്ലാര ലോന തരകൻ
59 ഓമന മേരി മേനമ്പാടത്ത്
60 സിന്ധു ജേക്കബ് അമ്പലത്തുകാല
61 ജെസ്സി ബേബി തൈപ്പറമ്പിൽ

**മരുതോങ്കര**

62 ജോളി സൈമൺ എടയന്ത്രത്ത്

**മരിയാപുരം**

63 സിസിലി ജോസഫ് വെട്ടം

**മുക്കം**

64 ടിയ ബിജു മാപ്പിളപ്പറമ്പിൽ
65 ലോറൻസ് പള്ളിത്താഴത്ത്
66 ലെന ആന്റണി ആരനോലിക്കൽ

**മുതുകാട്**

67 ഏലിയാമ്മ ജോസഫ് ചേലക്കമാക്കൽ
68 അച്ചാമ്മ ചാക്കോ ഉള്ളാട്ടിൽ
69 ലിസ്സി കൊമ്മറ്റത്തിൽ
70 ഏലിക്കുട്ടി കുളത്തിങ്കൽ
71 മേരിക്കുട്ടി പേഴത്തിങ്കൽ

**മൈലള്ളാംപാറ**

72 ബീന റോയി അരീപ്ലാക്കൽ
73 റോസലിൻ തോമസ് തെക്കയിൽ
74 കവിത ടി.സി. വട്ടക്കുന്നേൽ
75 കവിത തോമസ് പുട്ടുമണ്ണിൽ

**പന്തല്ലൂർ**

76 ആനി റോയി പെരിഞ്ചേരിമണ്ണിൽ
77 ബിന്ദു റൂബി പെരിഞ്ചേരിമണ്ണിൽ

**പാതിരിക്കോട്**

78 ജോസ്ന ബിജു വാടയിൽ

**പാത്തിപ്പാറ**

79 ഷൈനി ലിജോ കുന്നംകുഴക്കൽ

**പശുക്കടവ്**

80 തങ്കമ്മ ഇല്ലിക്കൽ

**പാറോപ്പടി**

81 ബ്യൂട്ടി ജോസഫ് വാഴേക്കടവത്ത്

**പേരാമ്പ്ര**

82 സിസിലി കുര്യൻ വാളിയപ്ലാക്കൽ
83 ശാന്തമ്മ ആന്റണി പള്ളത്തുശ്ശേരി

**പി.ടി. ചാക്കോ നഗർ**

84 ബെറ്റി സാബു കാരനിരപ്പേൽ
85 ലില്ലിക്കുട്ടി വെള്ളച്ചാലിൽ

**പുല്ലൂരാംപാറ**

86 കൊച്ചുമേരി കുത്തൂർവെള്ളാട്ടുകര
87 ഗ്ലാഡിസ് സജി കാഞ്ഞിരക്കാട്ടുകുന്നേൽ
88 സി. ഷീൻ എസ്.ഡി.
89 മിനി ജോസഫ് വെട്ടുകാട്ടിൽ
90 ഡോൺസി ജോസഫ് മിറ്റത്താനിക്കൽ
91 ഷീന ബെന്നി പൂവത്തിങ്കൽ

**പുഷ്പഗിരി**

92 റീന രാജു കണ്ണംതറപ്പിൽ
93 നിർമ്മല ജോയി നെല്ലിക്കത്തെരുവിൽ
94 ലില്ലി പോൾ ഉറുമ്പിൽ

**പുതുപ്പാടി**

95 അന്നമ്മ ജോസഫ് കിഴക്കേടത്ത്
96 സജി ജോസഫ് മെഴുകനാൽ
97 ഗ്രേസി പോൾ വാഴപ്പള്ളിൽ

**പൂതംപാറ**

98 അച്ചാമ്മ ജോസഫ് കളരിക്കൽ

**പൂഴിത്തോട്**

99 ബിബി ജിജോ പതുപ്പള്ളിൽ
ന്ന0 സീന അനൂപ് പൊൻതൊട്ടിയിൽ

**പൂവാറൻതോട്**

101 മേരി തോമസ് വടക്കേൽ

**പീടികപ്പാറ**

102 മോളി വരിക്കൽ

**താമരശ്ശേരി**

103 ലൗലി തോമസ് ചേലത്തിപ്പറമ്പിൽ
ന്ന4 ജോളിക്കുട്ടി ജോസഫ് തറപ്പിൽ
105 ആൻസി ആന്റണി ആനിത്തോട്ടത്തിൽ

**തിരുവമ്പാടി**

106 മോളി സണ്ണി പുതുപ്പറമ്പിൽ
107 സിനി സജി കുഴിമണ്ണിൽ
108 സുജ നീരമ്പുഴ
109 മേരി തോമസ് മടപ്പള്ളി
110 ആൻസി സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ
111 ബിനു വിൽസൺ വെള്ളാരംകുന്നേൽ
1112എൽസമ്മ തോമസ് ഇല്ലിക്കൽ
113 വൽസമ്മ തോമസ് അരീക്കൽ
114 എൽസമ്മ മാത്യു പഴേവീട്ടിൽ
115 മിനി സന്തോഷ് ചെറുപ്ലാക്കൽ
116 മേഴ്സി രാജു പൈനാടത്ത്
117 മാത്യു ജേക്കബ് പുത്തൻപുരയ്ക്കൽ
118 ജിഷ മാത്യു പുത്തൻപുരയ്ക്കൽ
119 ലില്ലി ബേബി പുത്തൻപുരയ്ക്കൽ
120 സി. സാങ്താ മരിയ സി.എം.സി.
121 സാനി തോമസ് വലിയപറമ്പിൽ
122 ഷാന്റി ഷൈബി കരിത്രക്കരയിൽ
123 ഷീജ സജി കുറ്റിക്കാട്ടുമണ്ണിൽ
124 മോളി ജോസ് കാവിൽപുരയിടത്തിൽ
125 സീന സലേഷ് അഴകത്ത്
126 അമ്പിളി സാലസ് നരിക്കുഴിയിൽ

**തോട്ടുമുക്കം**

127 ജോജി എൻ.വി. നരിവേലിൽ
128 സൗമ്യ ക്ലീറ്റസ് തടത്തിൽ
129 സ്മിത റോജി ചെമ്പോട്ടിക്കൽ
130 ലീന ജോഷി പാലക്കീയിൽ
131 ജോബി ബിജു ആനിത്തോട്ടത്തിൽ
132 ഷെറീന സഞ്ജു കല്ലുടുക്കിൽ
133 ജിനറ്റ് തോമസ് കള്ളികാട്ടിൽ
134 ചിന്നമ്മ മാത്യു തറപ്പുതൊട്ടിയിൽ
135 ജോബി പുലക്കുടിയിൽ
136 മേഴ്സി അബ്രാഹം മുണ്ടപ്ലാക്കൽ

**തേക്കുംകുറ്റി**

137 മേരി വടക്കൂട്ട്
138 അന്നമ്മ മുള്ളനാൽ
139 ജെല്ലി സാന്റി പൈക്കാട്ട്
140 അൽഫോൻസ കാക്കക്കൂട്ടുങ്കൽ
141 ഏലിക്കുട്ടി മംഗലാമഠത്തിൽ
142 ആനി തോമസ് കൊല്ലംപറമ്പിൽ
143 സിമി ജോഷി പന്തേനാൽ
144 ബാബു പി.വി. പോണാട്ട്
145 ഷാൻലി ജോയി പുനക്കാട്ട്

**വടകര**

146 ലീലാമ്മ ചാരുവിളപുത്തൻപുര

**വലമ്പൂർ**

147 ത്രേസ്യാമ്മ മറ്റത്തിൽ
148 റോസിലി കൂടത്തിങ്കൽ

**വലിയകൊല്ലി**

149 ബീന ജോസഫ് പാറത്താമല
150 ലിജിൻ ആന്റണി പനയ്ക്കൽ
151 വർക്കി ആന്റണി മണിമലയിൽ
152 വൽസമ്മ പാലത്തറ

**വിലങ്ങാട്**

153 ബിന്ദു മാത്യു ചിലമ്പിക്കുന്നേൽ

**വെണ്ടേക്കുംപൊയിൽ**

154 ഷീന ദേവസ്യ പൂവേലിൽ
155 ഷീബ സോജൻ വാഴയിൽ
156 ബേബി ആനിക്കാട്ട്

**വാളൂക്ക്**

157 ജാൻസി സെബാസ്റ്റ്യൻ അമ്പാട്ട്
158 റെജി റോബിൻ കണ്ണമുണ്ടയിൽ
159 നിർമ്മല ടോം കാവിൽപുരയിടത്തിൽ
160 ഷീന കാവിൽപുരയിടത്തിൽ

**വെറ്റിലപ്പാറ**

161 റിനി റോയി വരിക്കയിൽ
162 ബിന്ദു സെബാസ്റ്റ്യൻ തോന്നാത്തിമലയിൽ
163 ത്രേസ്യാമ്മ കറുകമാലിൽ

**വാലില്ലാപ്പുഴ**

164 ട്രീസ ഷൈൻ പാറയ്ക്കൽ

**വള്ളിയാട്**

165 സി. റോസറ്റ എസ്.ആർ.എ.
166 റെജി മാത്യു മാങ്കൂട്ടത്തിൽ

**വേനപ്പാറ**

167 റോസമ്മ ജോയി തറപ്പിൽ
168 ഫെമി ജെയ്സൺ തറപ്പിൽ
169 ജെസ്സി ജെയ്സൺ കല്ലിടുക്കിൽ
170 ഗ്രേസ് ബേബി തെക്കേൽ
171 സി. ലവീന ഡിസൂസ എം.എസ്.എ.

**വിളക്കാംതോട്**

172 സെലിൻ സാബു താഴത്തുപറമ്പിൽ

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്



*St. Joseph, Pray for us*

# ചെറുപുഷ്പ മിഷൻലീഗ്

## ഫെബ്രുവരിമാസ പ്രോഗ്രാം

| | | |
|---|---|---|
| 2 ചൊവ്വ | – | നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം |
| 11 വ്യാഴം | – | പരി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 14 ഞായർ | – | തിരുബാലസഖ്യദിനം |
| 15 തിങ്കൾ | – | 50 നോമ്പാരംഭം |
| 20 ശനി | – | എക്സിക്യൂട്ടീവ് മീറ്റിങ്ങ് |
| 25 വ്യാഴം | – | വാഴ്ത്തപ്പെട്ട സി. റാണി മരിയ |

## പ്രേഷിതവാരം

സീറോ മലബാർ സഭ 2021 ജനുവരി 6 മുതൽ 12 വരെ പ്രഖ്യാപിച്ച പ്രേഷിതവാര ആചരണത്തോടനുബന്ധിച്ച് ഭാരതത്തിലെ മിഷൻ രൂപതകളെ പഠിച്ചറിയുവാൻ തുടങ്ങിയ യജ്ഞത്തിൽ താമരശ്ശേരി രൂപതയിലെ മിഷൻലീഗ് മേഖലകൾ സജീവമായി പങ്കെടുത്തു. എല്ലാവർക്കും അനുമോദനങ്ങളും നന്ദിയും.

ഓരോ മേഖലയുടെ പേരും നല്കപ്പെട്ട മിഷൻ രൂപതയും താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | മരുതോങ്കര | – | സാഗർ |
| 2 | തോട്ടുമുക്കം | – | സത്ന |
| 3 | മലപ്പുറം | – | ജഗദൽപ്പൂർ |
| 4 | വിലങ്ങാട് | – | രാജ്കോട്ട് |
| 5 | കൂരാച്ചുണ്ട് | – | അദിലാബാദ് |
| 6 | പെരിന്തൽമണ്ണ | – | തക്കല |
| 7 | പാറോപ്പടി | – | ബൽത്തങ്ങാടി |
| 8 | തിരുവമ്പാടി | – | മണ്ഡ്യ |
| 9 | താമരശ്ശേരി | – | രാമനാഥപുരം |
| 10 | കോടഞ്ചേരി | – | ഹൊസൂർ |
| 11 | കരുവാരകുണ്ട് | – | ഫരീദാബാദ് |

ഇവയുടെ ഒരുമിച്ചുള്ള pdf ഫയൽ തയ്യാറാക്കുന്നുണ്ട്. ഇവ കൂടാതെ യുള്ള മറ്റ് 7 രൂപതകളെക്കുറിച്ച് Mission Springs എന്ന യൂട്യൂബ് വീഡിയോ നല്കുന്നതായിരിക്കും. മെയ് മാസത്തിൽ നടത്തുന്ന Mission Mega Quiz competition ന് ഇതിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## കുഞ്ഞേട്ടൻ സ്കോളർഷിപ്പ്

1 പത്താം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്കായി സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരി ക്കുന്ന സ്കോളർഷിപ്പ് ആണ് ഇത്.

2 നമ്മുടെ ഇടവകകളിൽ നിന്നും യോഗ്യരായ ഒരാളെ തിരഞ്ഞെടുത്ത ശേഷം അത് മേഖലകളിൽ നല്കി അവിടെ നിന്നും തിരഞ്ഞെടുക്ക പ്പെടുന്ന ഒരാളുടെ പേര്, അഡ്രസ്സ്, ഇടവക, കുടുംബ പശ്ചാത്തലം എന്നിവ ജനുവരി 25 ന് മുമ്പ് രൂപതാ മിഷൻ ലീഗ് ഓഫീസിൽ അറിയി ക്കേണ്ടതാണ്.

3 രൂപതയിൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു പേർക്ക് സ്കോളർഷിപ്പ് നൽകപ്പെടും. അതിൽ ഒരാൾക്ക് സംസ്ഥാന സ്കോളർഷിപ്പ് .

4 ഈ സ്കോളർഷിപ്പിന് യോഗ്യരായവർ വികാരിയച്ചന്റെ സാക്ഷ്യ പത്രത്തോടൊപ്പം സർട്ടിഫിക്കറ്റിന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

## നൂറുമേനി മിഷൻക്വിസ്

ജനുവരി 16 ശനിയാഴ്ച നടന്ന എപ്പിസോഡ് 4 ൽ വിജയികളായവർ

| | | |
|---|---|---|
| Ist | – | റോഷൻ കുറ്റിക്കാടൻ, അശോകപുരം |
| IInd | – | അമല വിൻസെന്റ് വടക്കേടത്ത്, പെരുവണ്ണാമൂഴി |
| IIIrd | – | അനുമോൾ കൊപ്രപറമ്പിൽ, മരിയാപുരം |
| | | അലക്സ് ആന്റോ വാഴയിൽ, തിരുവമ്പാടി |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



*St. Joseph, Pray for us*

# തിരുബാലസഖ്യം

**2021 ഫെബ്രുവരി – ബാലനായ ഈശോയ്ക്ക് പ്രതിഷ്ഠിതം**

| | | |
|---|---|---|
| പരിചയപ്പെടുത്തുന്ന വിശുദ്ധർ | – | ലൂർദ്ദ് മാതാവ് |
| പ്രാർത്ഥനാ നിയോഗം | – | അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി പാർത്ഥിക്കുക |
| സുകൃതജപം | – | ഈശോയെ അങ്ങയെപോലെ മാതാപിതാക്കളെ അനുസരിച്ച് വളരുവാൻ എന്നെ സഹായിക്കണമെ. |
| വചനം | – | ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ (ലൂക്കാ 2:48) |
| 2 ചൊവ്വ | – | നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം, പരി. മാതാവിന്റെ ശുദ്ധീകരണതിരുനാൾ |
| 7 ഞായർ | – | സുവിശേഷം യോഹ. 3:22–31<br>ലേഖനം ഹെബ്രാ. 8:1–6 |
| 11 വ്യാഴം | – | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 14 ഞായർ | – | തിരുബാലസഖ്യദിനം<br>സുവിശേഷം മത്താ. 4:1–11<br>ലേഖനം എഫേ 4:17–21 |
| 15 തിങ്കൾ | – | അമ്പതു നോമ്പാരംഭം – വിഭൂതി |
| 21 ഞായർ | – | സുവിശേഷം മത്താ. 7:21–27 |
| 25 വ്യാഴം | – | വാഴ്ത്തപ്പെട്ട റാണി മരിയയുടെ തിരുനാൾ |
| 28 ഞായർ | – | സുവിശേഷം മത്താ. 20:17–28<br>ലേഖനം റോമ 7:14–25 |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

## വിജയത്തിളക്കവുമായി താമരശ്ശേരി രൂപത

യുവ 2020 കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ 40 പോയിന്റ് ലീഡോട് കൂടി കെസിവൈഎം താമരശ്ശേരി രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ആളൂർ ബി.എം.എൽ. ഹാളിൽ വച്ച് നടന്ന സമ്മേ ളനത്തിൽ ഇരിഞ്ഞാലക്കുട രൂപത അധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിൽ നിന്നും വിജയികൾക്കുള്ള ട്രോഫിയും മൊമെന്റോകളും രൂപതാ പ്രസിഡണ്ട് വിശാഖ് തോമസ്, ജന. സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സെനറ്റ് അംഗം ടിബിൻ അഗസ്റ്റിൻ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം തേജസ് മാത്യു എന്നിവർ ചേർന്ന് സ്വീകരിച്ചു. ഈ വിജയം കരസ്ഥമാക്കാൻ സഹകരിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും മത്സരാർത്ഥികൾക്കും രൂപതാ സമിതി അംഗങ്ങൾക്കും എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## സംസ്ഥാന കലോത്സവത്തിൽ വിജയത്തിളക്കവുമായി ഇവർ...

### പ്രസംഗം

ഒന്നാം സമ്മാനം സിന്റില സാന്റേഴ്സ് കാരിക്കുഴിയിൽ, മഞ്ഞുവയൽ യൂണിറ്റ്

### ഷോർട്ട് ഫിലിം

ഒന്നാം സമ്മാനം – അമൽ ആൻഡ് ടീം, മഞ്ഞക്കടവ് യൂണിറ്റ്

### സംഘഗാനം

ഒന്നാം സ്ഥാനം – മരിയ & ടീം, വിലങ്ങാട് മേഖല

### ലൈറ്റ് മ്യൂസിക് (പെൺ)

രണ്ടാം സ്ഥാനം – ജിക്കി എം റോയ് മാലിയിൽ, പുല്ലൂരാംപാറ യൂണിറ്റ്

### ലൈറ്റ് മ്യൂസിക് (ആൺ)

രണ്ടാം സ്ഥാനം – ആൽബിൻ രാജു, തൈവേലിക്കകത്ത്, മരുതോങ്കര യൂണിറ്റ്

### മിമിക്രി

രണ്ടാം സ്ഥാനം – ജെറിഷ് ടി. എ, തൈപ്പറമ്പിൽ, ചെമ്പുകടവ് യൂണിറ്റ്

### നാടോടിനൃത്തം (ആൺ)

മൂന്നാം സ്ഥാനം – ഷെറിൻ ജോർജ് പാലക്കപ്പിള്ളിൽ, കുണ്ടുതോട് യൂണിറ്റ്

**രചനമത്സരങ്ങൾ**

**കാർട്ടൂൺ**

ഒന്നാം സ്ഥാനം – നിർമൽ ദേവസ്യ കൊല്ലിച്ചിറയിൽ, കൂടത്തായി യൂണിറ്റ്

**മുദ്രാവാക്യം രചന**

രണ്ടാം സ്ഥാനം – ടോണി ആഗസ്റ്റിൻ പനച്ചിക്കൽ, കൂരാച്ചുണ്ട് യൂണിറ്റ്

**കവിത രചന**

രണ്ടാം സ്ഥാനം – അക്ഷര സജി കാപ്പിൽ, ചെമ്പനോട യൂണിറ്റ്

**നോട്ടീസ് രചന**

രണ്ടാം സ്ഥാനം – ചിപ്പി മാത്യു കുന്നപ്പിള്ളി, കുണ്ടുതോട്

**ഉപന്യാസം**

മൂന്നാം സ്ഥാനം – അൽഫോൻസ പുളിക്കൽ, പശുക്കടവ് യൂണിറ്റ്

സംസ്ഥാന കലോത്സവത്തിൽ വിജയികളായ എല്ലാവരും രൂപതാ സമിതി അംഗങ്ങളും ജനുവരി മാസം ഇരുപത്തിനാലാം തീയതി രൂപത ഭവനിൽ ഒന്ന് ചേരുകയും അഭിവന്ദ്യ പിതാവ് എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**അനുമോദനങ്ങൾ**

1. വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കെ .സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ലിമിന ജോർജ്ജിന് രൂപതാ കെ.സി. വൈ. എം. സംഘടനാംഗങ്ങളുടെ പ്രാർത്ഥനകളും ആശംസകളും.....
2. കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തേക്ക് പ്രവേശിച്ച് കോടഞ്ചേരി പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അലക്സ് തോമസിന് അഭിവാദ്യങ്ങൾ.....
3. തിരുവമ്പാടി ഇടവകയിൽ കോവിഡ് മൃത സംസ്കാരത്തിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ, അസ്സി. വികാരി ഫാ. അലക്സ് പനച്ചിക്കൽ, കെ.സി.വൈ.എം. യുവജന സുഹൃത്തുക്കളായ ഡോണസ്, ജോഷ്വാ, ലിയോ, വിപിൻ എന്നിവർക്ക് അഭിവാദ്യങ്ങൾ.
4. പെൻസിൽ കാർ വിങ്ങിലൂടെ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ് & ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് കരസ്ഥമാക്കിയ കൂരാച്ചുണ്ട് ഇടവകാംഗം നിതിൻ ഡൊമിനിക്കിന് അഭിനന്ദനങ്ങൾ.

**കാൻഡി കെയിൻ ക്രിസ്മസ് സെലിബ്രേഷൻ**

**1. പോർട്ടബിൾ ക്രിബ് വിജയികൾ**

കാൻഡി ആൻഡ് ഭാഗമായി സംഘടിപ്പിച്ച പോർട്ടബിൾ ക്രിബ് നിർമ്മാണത്തിൽ

കെവിൻ ലിയോ ജോർജ് (പാറോപ്പടി യൂണിറ്റ്) ഒന്നാം സ്ഥാനവും, രഞ്ജിൻ ജോസഫ് (കുളത്തുവയൽ യൂണിറ്റ്) രണ്ടാം സ്ഥാനവും, അനിത മാത്യു (ചീരട്ടാമല യൂണിറ്റ്) മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

ബിന്ദ്യ ബെന്നി (കൂരാച്ചുണ്ട് യൂണിറ്റ്) പ്രോത്സാഹന സമ്മാനത്തിന് അർഹയായി. വിജയികൾക്കും പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**2. ബി ജിഎം ക്രിസ്മസ് ഗാന മത്സരം വിജയികൾ**

ഒന്നാം സ്ഥാനം

ജെസ്സി ചിന്തു, ചിന്തു രാജ്, ദിയ ആൻ സേവ്യർ, തിരുവമ്പാടി യൂണിറ്റ്

രണ്ടാം സ്ഥാനം – ആൽബിൻ ലൂയിസ് & ആൻ റിറ്റ, തേഞ്ഞിപ്പാലം യൂണിറ്റ്

മൂന്നാം സ്ഥാനം – ആഞ്ചലിൻ & ഡോമിനിക് പ്രിൻസ്. കാളികാവ് യൂണിറ്റ്

മൂന്നാം സ്ഥാനം – എബിൻ, അമല, റിന്റു, കോടഞ്ചേരി യൂണിറ്റ്

പ്രോത്സാഹന സമ്മാനങ്ങൾ

1. റിയ റോയ്, റോസ്മി റോയ്, പശുക്കടവ്
2. അലീന  ജോർജ്, മഞ്ഞക്കുന്ന് യൂണിറ്റ്

**3. ക്രിസ്മസ് ചലഞ്ച് വിജയികൾ**

1. നക്ഷത്ര നിർമ്മാണം – അതുൽ ജെയിംസ്, പയ്യനാട്
2. കൊറോണ കാലത്തെ ക്രിസ്മസ് എങ്ങനെ ആഘോഷിക്കാം

ലിസി ജോൺ, അശോകപുരം

3. ക്രിസ്മസ് കാർഡ് നിർമ്മാണം – അന്ന മെറിൻ ജോസഫ്, കുണ്ടുതോട്
4. നിങ്ങളുടെ ഇഷ്ട കരോൾ ഗാനം – ന്റഅന്നമരിയ റോയി, ചേവായൂർ
5. നിങ്ങളെ സ്വാധീനിച്ച വ്യക്തിഅനുഭവം പങ്കുവെയ്ക്കൽ

1. ബിഞ്ചു ബെന്നി, കൂരാച്ചുണ്ട്      2. അന്ന മെറിൻ ജോസഫ്, കുണ്ടുതോട്

6. ക്രിസ്തുമസ് സന്ദേശം – മിഥുൻ ജോർജ്ജ്, തിരുവമ്പാടി
7. തിരുകുടുംബത്തിന്റെ പ്രത്യേകതകൾ മനസിലാക്കി ഇന്നത്തെ കുടുംബങ്ങൾ എങ്ങനെ ആയിരിക്കണം എന്ന് 5 നിർദേശങ്ങൾ

അന്ന മെറിൻ ജോസഫ്, കുണ്ടുതോട്

8. ഏതെങ്കിലും ഒരു വ്യക്തിയെ സഹായിച്ച അനുഭവം പങ്കുവെയ്ക്കൽ

ബിഞ്ചു ബെന്നി, കൂരാചുണ്ട്

9. സന്താക്ലോസിന്റെ ചരിത്രം കണ്ടെത്തുക – ലിസി ജോൺ, അശോകപുരം
10. ക്രിസ്തുമസ് സ്പെഷ്യൽ വിഭവം റെസിപ്പി – ലൗലി തോമസ്, കൂരാച്ചുണ്ട്
11. ക്രിസ്തുമസ് ട്രീ അലങ്കരിക്കൽ – അന്ന മെറിൻ ജോസഫ്, കുണ്ടുതോട്

12. തിരുകുടുംബം ചിത്രീകരണം

1. സാവിയോ ജെയിംസ്, ജേക്കബ് ജെയിംസ്, ബിഞ്ചു ബെന്നി

2. ഗ്രേസി

അനസു, പരിയാപുരം

**ഉണ്ണീശോയ്ക്കൊരു വീട്**

രൂപതയിലെ ഒരു യുവജന സുഹൃത്തിന് ഭവനം നിർമ്മിച്ച് നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് ഉണ്ണീശോയ്ക്കൊരു വീട് എന്ന പേരിൽ ശേഖരിച്ച് ക്രിസ്മസ് നോമ്പുകാല പരിത്യാഗ വിഹിതത്തിൽ 16443 രൂപ ലഭിച്ചു. സഹകരിച്ച എല്ലാവർക്കും നന്ദി...

**മേഖലാ സെനറ്റുകൾ**

പാറോപ്പടിമേഖല, കരുവാരകുണ്ട് മേഖല, മരുതോങ്കര മേഖല, തോട്ടുമുക്കം, കൂരാച്ചുണ്ട്, എന്നീ മേഖലകളിൽ മേഖലാ സെനറ്റ് നടത്തുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും നന്ദി...

**മൈനോറിറ്റി വിങ് മീറ്റിംഗ്**

ജനുവരി 23 ന് താമരശ്ശേരി കെസിവൈഎം രൂപത ഓഫീസിൽ വച്ച് മൈനോറിറ്റി വിങ് മീറ്റിംഗ് നടന്നു.

## അറിയിപ്പുകൾ

**1. രൂപത സെനറ്റ് സമ്മേളനം**

ഫെബ്രുവരി മാസം രണ്ടാമത്തെ ആഴ്ച രൂപത വാർഷിക സെനറ്റ് സമ്മേളനം മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. രൂപതാ സെനറ്റിൽ ഡയറക്ടർ / ആനിമേറ്റർ, മേഖലാ സമിതിയിലെ പ്രധാന അഞ്ച് ഭാരവാഹികൾ, രൂപതാ പ്രതിനിധികൾ, രൂപതാ സമിതി അംഗങ്ങൾ എന്നിവർ പങ്കെടുക്കുക. മേഖലയിൽ നിന്നും മൂന്നുപേരുടെ പ്രാതിനിധ്യം എങ്കിലും ഉണ്ടെങ്കിലേ റിപ്പോർട്ട് അവതരണം അനുവദിക്കുകയുള്ളൂ.

**2. സംസ്ഥാന സെനറ്റ് സമ്മേളനം**

2021 ഈ വർഷത്തെ സംസ്ഥാന സെനറ്റ് സമ്മേളനം ജനുവരി 30, 31 തീയതികളിൽ പാലാരിവട്ടം പിഒസിയിൽ വച്ച് നടക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച നടക്കുന്നു. വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ഈ ക്ലാസുകൾ നടക്കുന്നത്.

'വിശുദ്ധ കുർബാനയുടെ പഴയനിയമ പശ്ചാത്തലം' എന്ന വിഷയത്തെ ആസ്പദമാക്കി കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ആരാധനക്രമം അധ്യാപകനായ ബഹു. ഫാ. തോമസ് കരിന്തോളിൽ അച്ചനാണ് ജനുവരി മാസത്തെ ക്ലാസ്സുകൾ നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 150 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്.

ഈ ക്ലാസിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി.എം.ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

ഈ ക്ലാസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് 8281346179 എന്ന ഫോൺ നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മാതൃവേദി

'കരുണയുടെ കാവലാൾ അമ്മ' എന്നതാണ് ജനുവരി മാസത്തെ വിചിന്തന വിഷയം. ഇടവകകളിൽ പ്രായമായ അമ്മമാരെ മാതൃവേദി അംഗങ്ങൾ സന്ദർശിക്കുകയോ, ഫോണിൽ വിളിച്ച് സംസാരിക്കുകയോ ചെയ്യുന്നു

## FELIZ NAVIDAD

രൂപതാ മാതൃ വേദിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷവും ജനപ്രതിനിധികളെ ആദരിക്കലും നടന്നു. പ്രസ്തുത ഓൺലൈൻ മീറ്റിങ്ങിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് ജനപ്രതിനിധികളെ അനുമോദിക്കുകയും ക്രിസ്തുമസ് സന്ദേശം നല്കുകയും ചെയ്തു. ബഹു. ചാൻസലർ ഫാ. ബെന്നി മുണ്ടനാട്ട് ആശംസകൾ അർപ്പിച്ചു. പ്രസിഡൻറ് ദീപ റെജി അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ ഡയറക്ടർ സ്വാഗതവും ആനിമേറ്റർ സി. ഫിലോ നന്ദിയും പറഞ്ഞു. വിവിധ ഇടവകകളിലെ മാതൃവേദി അംഗങ്ങളും താമരശ്ശേരി രൂപതയിലെ 56 വനിതാ ജനപ്രതിനിധികളും പങ്കെടുത്തു.

## BUON PASTORE

അന്തർദേശീയ മാതൃവേദി നടത്തിയ 23-ാം സങ്കീർത്തന ആലാപന മത്സരത്തിൽ വിലങ്ങാട് മേഖലയിലെ ലൗലി എടാട്ട് പ്രോത്സാഹന സമ്മാനത്തിന് അർഹയായി.

## ALLEGRA 2020

രൂപതാതലത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ തിരുവമ്പാടി, കോടഞ്ചേരി മേഖലകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. മരുതോങ്കര (പശുക്കടവ്) മേഖല മൂന്നാം സ്ഥാനത്തിന് അർഹരായി.

മലപ്പുറം മേഖലയുടെ പ്രതിനിധി സമ്മേളനം ഡിസംബർ 31 ന് മഞ്ചേരിയിൽ നടന്നു. തിരുവമ്പാടി മേഖല സദ്വാർത്ത 2020 ഓൺലൈൻ ക്വിസ് മത്സരവും ക്രിസ്ബെൽസ് കരോൾ ഗാന മത്സരവും നടത്തി. പാറോപ്പടി മേഖല വചന സന്ദേശമത്സരവും വി. ലൂക്കയുടെ സുവിശേഷം ആധാരമാക്കി ബൈബിൾ വിവർത്തന മത്സരവും നടത്തി.

രൂപതാ മാതൃവേദിയുടെ youtube ചാനലിൽ അംഗങ്ങളുടെ ക്രിസ്തുമസ് സന്ദേശങ്ങൾ, ഗാനങ്ങൾ, പാചക വീഡിയോ എന്നിവ അപ്ലോഡ് ചെയ്തു. ക്രിസ്തുമസിന് ഒരുക്കമായി ഇടവകകളിൽ അഖണ്ഡ ജപമാല, ബൈബിൾ രചന , രോഗീ സന്ദർശനം, സമ്പൂർണ്ണ ബൈബിൾ പാരായണം തുടങ്ങിയവ നടന്നു. പാതിരിക്കോട് ഇടവകയിലെ 68 അമ്മമാർ സമ്പൂർണ്ണ ബൈബിൾ വായനയിൽ പങ്കെടുത്തു.

വാലില്ലാപ്പുഴ ഇടവകയിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ വീഡിയോ അപ്ലോഡ് ചെയ്ത് ഓൺലൈൻ പാചക മേള നടത്തി.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

# കരിസ്മാറ്റിക് മൂവ്മെന്റ്

പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ 2020 ലുണ്ടായ വലിയ ഞെരുക്കത്തെ അതിജീവിക്കാൻ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് ഏറെ നന്ദി പറയാനുണ്ട്. 2021ൽ സഹനങ്ങളെ അതിജീവിച്ച വിശ്വാസ ത്തിന്റെ സാക്ഷികളായി മാറാം.

ഡിസംബർ 18, 30, 2021 ജനുവരി 4 എന്നീ ദിവസങ്ങളിൽ ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ കോർ ഗ്രൂപ്പ് യോഗം ചേർന്നു. ഡിസംബർ മാസം 19 മുതൽ 22 വരെ അക്രൈസ്തവ മേഖലകളിൽ കെരിഗ്മ മിനിസ്ട്രിയുടെ നേതൃത്വത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ക്രിസ്തുമസ് കരോൾ നടത്തി. ഇതിനായി പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. ജനുവരി 6 ന് ഗോൾഡൻ ജൂബിലി വർഷത്തേക്ക് പ്രവേശിച്ച സോണൽ ആനിമേറ്റർ സൈമണച്ചനെ കോർഡിനേറ്റർ ജോൺസൺ സാർ അനുമോദിക്കുകയും പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും ചെയ്തു.

ജനുവരി 2 ന് 2.30 മുതൽ സോണൽ മീറ്റിംഗ് ആരംഭിച്ച് 4 മണിക്ക് അവസാനിച്ചു. നാഷണൽ ചെയർമാൻ ബ്ര. ജോയി ആന്റണി വചനപ്ര ഘോഷണം നടത്തി. ബഹു. സോണൽ ആനിമേറ്റർ ബഹു. സി. ജോയി സമ്മ സൗഖ്യപ്രാർത്ഥനയും ബഹു. സൈമണച്ചൻ അഭിഷേക പ്രാർത്ഥ നയും നടത്തി.

ജനുവരി 5 ന് സർവ്വീസ് ടീമും 8-ാം തീയതി സബ്സോൺ കോർഡി നേറ്റേഴ്സുംകൂടി വരും വർഷത്തെ പ്ലാനിങ്ങ് നടത്തി.

1 എല്ലാ ഇടവകയിലും കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്ന വർക്കും പ്രാർത്ഥനാഗ്രൂപ്പ്

2 വിഷമിക്കുന്ന 1000 കുടുംബങ്ങളെ കണ്ടെത്തി മദ്ധ്യസ്ഥ പ്രാർത്ഥന.

3 എൽ.എസ് സെമിനാർ എല്ലാവരിലേക്കും എത്തണമെന്ന മാർപാപ്പയുടെ ആഹ്വാനം ഫലം ചൂടാൻ.

4 ലീഡർഷിപ്പ് ട്രെയിനിംഗ്

5 മദ്ധ്യസ്ഥപ്രാർത്ഥന ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും

സജ്ജീവമാക്കുക. എൽ.എസ്.എസ് ന്റെ 26 ന് ആരംഭിക്കുന്ന ട്രെയിനിംഗ്.

6 ചെറുപ്പക്കാരായ ദമ്പതികളുടെ കൂട്ടായ്മ രൂപീകരിക്കുക.

എല്ലാ മാസവും 20-ാം തീയതി രാവിലെ ആരംഭിച്ച് 21 ന് രാവിലെ വരെ അഖണ്ഡജപമാല കൂരാച്ചുണ്ട് സബ്സോൺ ആരംഭിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

## ആദരാഞ്ജലികൾ



**സി. ബീന ജോസ് CMC**

(മുൻ പ്രൊവിൻഷ്യൽ)

സി. ബീന ജോസ് 1959 സെപ്റ്റംബർ 21 ന് കണ്ടംതുരുത്തിയിൽ ജോസഫ് - മറിയക്കുട്ടി ദമ്പതികളുടെ എട്ടു മക്കളിൽ അഞ്ചാമത്തെ മക ളായി പാലാ രൂപതയിലെ ഇലഞ്ഞിയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മരങ്ങോലി ഗവ. എൽ.പി. സ്കൂളിലും ഇലഞ്ഞി സെന്റ് പീറ്റേഴ്സ് സ്കൂളിലും നടത്തി. സിസ്റ്ററിന്റെ കുടുംബം പുൽപ്പള്ളിയ്ക്കടുത്തുള്ള പാടിച്ചിറയിൽ താമസമാക്കിയതിനാൽ, പിന്നീടുള്ള പഠനം മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി. സ്കൂളിലും പുൽപ്പള്ളി വിജയ ഹൈസ്ക്കൂളിലുമായിരുന്നു. എസ്.എസ്.എൽ.സി. പഠനത്തിനുശേഷം ഇടവകപ്രവർത്തനങ്ങളിൽ സജീവമായിരുന്ന സിസ്റ്റർ മതബോധന അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് തന്റെ സന്ന്യാസ ദൈവവിളി തിരിച്ചറിഞ്ഞത്.

1977 ജൂൺ 13 ന് തേക്കുംകുറ്റി കാർമ്മൽ സ്റ്റഡി ഹൗസിൽ സന്ന്യാസാർത്ഥി

നിയായി ചേർന്നു. 1979 ഡിസംബർ 27 ന് തിരുവമ്പാടി തിരുഹൃദയ ദൈവാലയത്തിൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ സാന്നിധ്യത്തിൽ പ്രഥമവ്രത വാഗ്ദാനം നടത്തി സി. ബീന ജോസ് എന്ന നാമം സ്വീകരിച്ചു. റോമിലെ റെജീന മൂന്തി യൂണിവേഴ്സിറ്റിയിൽനിന്ന് തിയോളജി പഠനം പൂർത്തിയാക്കി. 1988 നവംബർ 8 ന് നിത്യവ്രതവാഗ്ദാനം നടത്തി. ആലപ്പുഴ ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഫോർമേറ്റേഴ്സ് കോഴ്സും മൈസൂർ യൂണിവേഴ്സിറ്റിയിൽന്നും സോഷ്യോളജിയിൽ മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കി. 1989 മുതൽ 1994 വരെ തേക്കുംകുറ്റി കാർമ്മൽ സ്റ്റഡിഹൗസിന്റെ സുപ്പീരിയറായും പോസ്റ്റുലന്റ് മിസ്ട്രസ്സായും തുടർന്ന് എടൂർ മഠത്തിൽ ആസ്പിരന്റ് മിസ്ട്രസ്സായും സേവനം അനുഷ്ഠിച്ചു. 1994 മുതൽ 2004 വരെ തേക്കുംകുറ്റി കാർമ്മൽ സ്റ്റഡി ഹൗസിൽ നോവിസ് മിസ്ട്രസ്സായും, 2007 മുതൽ 2009 വരെ ആലുവ ജനറലേറ്റിൽ ജൂണിയർ മിസ്ട്രസ്സായും സേവനം ചെയ്തു. 2004 - 2015 കാലഘട്ടങ്ങളിൽ സി.എം.സി. സെന്റ് മേരീസ് പ്രോവിൻസിന്റെ വികർ പ്രൊവിൻഷ്യൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. തുടർന്ന് മേരിക്കുന്ന് നസ്രത്ത് ഭവൻ അംഗമായും തേക്കുംകുറ്റി പരിശീലനഭവനത്തിലെ അംഗമായും നോവിസസ്സിന്റെ സ്പിരിചൽ ഡിറക്ടറായും സേവനം അനുഷ്ഠിച്ചു.

സന്ന്യാസസമർപ്പണത്തിന്റെ 42 വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റർ ഏറിയകാലവും സന്ന്യാസാർത്ഥിനികളുടെ രൂപീകരണത്തിലാണ് ശ്രദ്ധ ചെലുത്തിയത്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, കർണ്ണാടക പ്രോവിൻസുകളിലെ ഇളംതലമുറയെ വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സിസ്റ്റർ എന്നും സ്നേഹത്തിന്റെയും കരുതലിന്റെയും ഉദാത്ത മാതൃകയായിരുന്നു. അഗാധമായ പ്രാർത്ഥനാ ചൈതന്യവും സന്ന്യാസജീവിതത്തോടുള്ള ആത്മാർത്ഥതയും സത്യസന്ധതയും എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാലവീക്ഷ്ണവും നിഷ്കളങ്കതയും ഉത്സാഹശീലവും സിസ്റ്ററിനെ മറ്റുള്ളവരിൽനിന്നും വേറിട്ട് നിർത്തി. തിരുഹിതം നടക്കും; നടത്തും എന്ന വി. ചാവറപ്പിതാവിന്റെ വാക്കുകൾ ബീനാമ്മയ്ക്ക് ആപ്തവാക്യമായിരുന്നു. ധാരാളം സിസ്റ്റേഴ്സിനെ ആത്മീയമായി നയിച്ചിരുന്ന സിസ്റ്റർ മാതൃഹൃദയത്തോടെ എല്ലാവരെയും ഉൾക്കൊള്ളാനും ശ്രദ്ധയോടെ കേൾക്കുവാനും ആശ്വസിപ്പിക്കുവാനും സദാ സന്നദ്ധയായിരുന്നു.

2018 നവംബർ മാസത്തിൽ സിസ്റ്ററിന് ബ്രെയ്ൻ ട്യൂമർ സ്ഥിരീകരിച്ചു. ഓപ്പറേഷനുശേഷം ചാവറ ഹോസ്പിറ്റൽ കോൺവെന്റിൽ വിശ്രമത്തിലായിരുന്ന സിസ്റ്റർ 2021 ജനുവരി 12 ന് വെളുപ്പിന് 2.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അന്നേ ദിനം വൈകുന്നേരം 4.30 ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്ക്കാര കർമ്മം നടത്തി. ആത്മാവിന് നിത്യശാന്തി നേരുന്നു.

# ബഥാനിയ ധ്യാനകേന്ദ്രം

‘‘അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു” (1 പത്രോ. 2:24)

“ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവി കൾ ഒഴുകും” (യോഹ. 7:37) എന്ന തിരുവചനം അന്വർത്ഥമാക്കുന്ന രീതിയിൽ 2021 പുതുവർഷത്തെ വലിയ ആത്മീയ ദാഹത്തോടെ വരവേറ്റു. 2020 വർഷത്തിൽ ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തെയും പരിപാല നയേയും ഓർത്ത് പ്രത്യേകം നന്ദി പറഞ്ഞുകൊണ്ട് ദിവ്യകാരുണ്യ ആരാധനയും വി. കുർബാനയും അർപ്പിച്ചു. കോവിഡ് 19 ന്റെ പശ്ചാത്ത ലത്തിൽ നിർത്തിവച്ച ആത്മീയ ശുശ്രൂഷകൾ നിയന്ത്രണങ്ങളോടെ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് പുതുവർഷത്തിൽ പുനരാ രംഭിച്ചു.

### ഏകദിന കൺവെൻഷൻ

ജനുവരി 1, 8, 15, 22, 29 തിയ്യതികളിൽ ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. രാവിലെ 9.30 ന് ജപമാലയോടെ ആരംഭിച്ച ശുശ്രൂഷ ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു. വചനശുശ്രൂഷയ്ക്ക് ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ബിനു പുളിക്കൽ നേതൃത്വം നല്കി.

### 101 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും

ജനുവരി മാസം 2-ാം തീയതി ശനിയാഴ്ച മുതൽ 6-ാം തീയതി ഉച്ചയ്ക്ക് 12 മണിവരെ പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാലയും നടത്തി. ആരാധനാ ദിവസത്തിൽ രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബാന ഉണ്ടായിരുന്നു. കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടു തന്നെ ധാരാളം ആളുകൾ ശുശ്രൂഷയിൽ പങ്കെടുത്ത് ദൈവാനു ഗ്രഹം പ്രാപിച്ചു.

### സ്പിരിച്വൽ ഷെയറിംങ്ങ്

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ ആത്മീയമായും മാനസികമായും പ്രതിസന്ധി അനുഭവിക്കു ന്നവർക്കു വേണ്ടി വരദാനങ്ങൾ ഉപയോഗിച്ച് പ്രത്യേക പരിശീലനം നേടിയ വർ സഹായിക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഈ ശുശ്രൂഷയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്.

### നിത്യാരാധന

എല്ലാ ദിവസവും രാവിലെ 6 മണി മുതൽ രാത്രി 8 മണിവരെ നിത്യാരാധന നടക്കുന്ന രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വി. കുർബാന അർപ്പിക്കുന്നു.

### ബഥാനിയ ചെയിൻ റോസറി

ബഥാനിയ ശുശ്രൂഷകരും ബഥാനിയായുടെ ഉപകാരികളും അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥന

ബഥാനിയ ധ്യാനകേന്ദ്രത്തിൽ എല്ലാ ദിവസവും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ ദിവ്യകാരുണ്യ സന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

### ബഥാനിയ മീഡിയ മിനിസ്ട്രീസ്

ലോകമെമ്പാടുമുള്ളവരിലേക്ക് ആത്മീയ ശുശ്രൂഷകൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമൂഹ മാധ്യമങ്ങളിലൂടെയുള്ള ശുശ്രൂഷകൾ ബഥാനിയ ടീം ന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ബഥാനിയായുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ ബഥാനിയ വിഷനിലൂടെ വി. കുർബാന, വചനപ്രഘോഷണം, ആരാധന ഗാന ശുശ്രൂഷ എന്നിവ സംപ്രേക്ഷണം ചെയ്തുവരുന്നു.

### ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 05 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 06–10 | – | 101 മണിക്കൂർ ആരാധന |
| 12 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 15 വിഭൂതി തിരുനാൾ | – | നാല്പതുദിന പീഡാനുഭവ പ്രാർത്ഥന ആരംഭിക്കുന്നു. |
| 19 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 26 വെള്ളി | – | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

## എ.കെ.സി.സി

### മേയർക്കും കൗൺസിലറിനും സ്വീകരണം നൽകി

എകെസിസി അശോകപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ കോഴിക്കോട് കോർപ്പറേഷൻ മേയറായി തെരഞ്ഞെടുക്കപ്പെട്ട ഡോ. ബീന ഫിലിപ്പിനും കോർപ്പറേഷൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതാ അംഗവും എ കെ സി സി സജീവ പ്രവർത്തകയുമായ ഡോ. അൽഫോൻസാ മാത്യുവിനും സ്വീകരണം നൽകി. രൂപത അധ്യക്ഷനും എ കെ സി സി ഗ്ലോബൽ ലെഗേറ്റുമായ അഭിവന്ദ്യ മാർ റെമിജിയോസ്

ഇഞ്ചനാനിയിൽ പിതാവ് ഉപഹാരം നൽകി ഇരുവരെയും ആദരിച്ചു. എ കെ സി സി രൂപത പ്രസിഡന്റ് ശ്രീ. ബേബി പെരുമാലിൽ, ഇടവക വികാരി ഫാ. ജെയിംസ് കുഴിമറ്റത്തിൽ, രൂപതാ സെക്രട്ടറി ബേബി കിഴക്കേഭാഗം, ഫോറോന പ്രസിഡണ്ട് ചാക്കോ കാട്ടാംകോട്ടിൽ എന്നിവർ പ്രസംഗിച്ചു.

## പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് മഞ്ഞുവയൽ യൂണിറ്റ് അനുമോദനയോഗം നടത്തി

AKCC മഞ്ഞുവയൽ യൂണിറ്റ് ജനറൽബോഡി മീറ്റിംഗിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളായ റോസമ്മ തോമസ് കയത്തുങ്കൽ, സൂസൻ വർഗീസ് കേഴപ്ലാക്കൽ എന്നിവർക്ക് AKCC രൂപതാ അസിസ്റ്റൻറ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ഉപഹാരം നൽകുകയും ആദരിക്കുകയും ചെയ്തു. മഞ്ഞവയൽ ഇടവക വികാരി ഫാ. ജോർജ് കറുകമാലിൽ യോഗത്തിൽ ആധ്യക്ഷത വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് മത്തുവയൽ യൂണിറ്റ് പ്രസിഡന്റ് സണ്ണി ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, സെക്രട്ടറി ബിനോയി തോമസ് തുരുത്തിയിൽ എന്നിവർ പ്രസംഗിച്ചു. 2021 വർഷത്തെ ഭാരവാഹികളെയും തിരഞ്ഞെടുത്തു.

## കർഷക സമരത്തിന് ഐക്യദാർഢ്യവുമായി വലിയകൊല്ലി യൂണിറ്റ്

ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് AKCC വലിയകൊല്ലി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മൗന ജാഥയും സമ്മേളനവും നടത്തി. സമ്മേളനത്തിന് AKCC യൂണിറ്റ് പ്രസിഡന്റ് ശ്രീ. വിൽസൺ തറപ്പിൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചു. ട്രഷറർ ശ്രീ. ജോൺ കുളങ്ങരത്തോട്ടിയിൽ സ്വാഗതം നേർന്നു, പള്ളി വികാരി ഫാ. മാത്യു ചെമ്പുതൂക്കിൽ മുഖ്യപ്രഭാഷണം നടത്തി. റവ. സി. ആൻ മരിയ FCC, ശ്രീ. മാത്യു കളപ്പുരക്കൽ, ശ്രീ. ടെജി ചെറുവേലിൽ, ശ്രീ, ജോയി വട്ടക്കുന്നേൽ, ശ്രീ. ഫിയൻസ് പിണക്കാട്ട് എന്നിവർ ആശംസകൾ നേർന്നു. യൂണിറ്റ് സെക്രട്ടറി ശ്രീ . ജെയിംസ് നെല്ലിക്കയത്ത് സമ്മേളനത്തിന് കൃതജ്ഞത അർപ്പിച്ചു.

## അറിയിപ്പുകൾ

**1. നേതൃസംഗമം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ചവരെ ആദരിക്കുന്നു.**

എ കെ സി സി യുടെ നേതൃത്വത്തിൽ ഫെബ്രുവരി മാസം ഒന്നാം തീയതി രൂപത ഭവനിൽ വച്ച് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിവിധ തലങ്ങളിൽ വിജയികളായ താമരശ്ശേരി രൂപത അംഗങ്ങളെ പാർട്ടി മുന്നണി ഭേദമെന്യേ ഒന്നിച്ചു ചേർക്കുന്ന സംഗമം രാവിലെ 10.30 മുതൽ നടക്കുന്നു.

**2. എ കെ സി സി യുടെ യൂണിറ്റ് തെരഞ്ഞെടുപ്പുകൾ ജനുവരി മാസം മുപ്പതാം തീയതിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.**

ഫൊറോന ഇലക്ഷൻ ഫെബ്രുവരി മാസം അവസാനത്തെ ആഴ്ചകളിൽ നടത്തുന്നതായിരിക്കും. മാർച്ച് മാസത്തിൽ രൂപത ഇലക്ഷൻ നടത്തുന്നതായിരിക്കും.

**3. ഹാർട്ട് ലിംഗ്സ് കൂട്ടായ്മയിലേക്ക് സ്വാഗതം**

അടിയന്തര ഘട്ടങ്ങളിൽ സഹായം അർഹിക്കുന്ന സമുദായ അംഗങ്ങളെ സാമ്പത്തികമായി സഹായിക്കാൻ സാധ്യതയുള്ളവരെ ഒന്ന് ചേർക്കുന്നഹാർട്ട് ലിംഗ്സ് കൂട്ടായ്മയിലേക്ക് ഇടവകയിൽ നിന്നും രണ്ടു പേരെ എങ്കിലും നിർദേശിക്കണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചൻമാരോട് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കൊറോണ വൈറസിന്റെ ഭീതി ഉണ്ടെങ്കിലും വിൻസെൻഷൻ പ്രവർത്തനങ്ങൾ വലിയ തടസ്സങ്ങളില്ലാതെ മുന്നോട്ട് പോകുന്നു. കൊറോണയോടു ബന്ധപ്പെട്ട് കണ്ടെയ്ൻമെന്റ് സോണുകളിൽ ഉള്ള ജോലിക്കുപോകാൻ സാധിക്കാത്തവരുടെ സാമ്പത്തികമായ ആവശ്യങ്ങൾ യഥാസമയം തടസ്സങ്ങളില്ലാതെ നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഇടവക തലത്തിൽ ഏറ്റെടുത്തിരുന്ന ഭവനനിർമ്മാണങ്ങൾ പലതും ഈ കാലങ്ങളിൽ പൂർത്തീകരിക്കാൻ സാധിച്ചു. തിരുവമ്പാടി സ്നേഹാലയത്തിലെ അന്തേവാസിയായിരുന്ന സണ്ണിക്കും കുടുംബത്തിനും സെൻട്രൽ കൗൺസിലും പുല്ലൂരാംപാറ സെന്റ് ജോസഫ് കോൺഫറൻസും ചേർന്ന് ഒരുക്കിയ ഭവനത്തിന്റെ വെഞ്ചരിപ്പ് ജനുവരി 4-ാം തിയ്യതി റവ. ഫാ. തോമസ് പൊരിയത്ത് നിർവ്വഹിച്ചു തദവസരത്തിൽ സെൻട്രൽ കൗൺസിൽ ഭാരവാഹികളും തിരുവമ്പാടി ഏരിയാ കൗൺസിൽ ഭാരവാഹികളും പങ്കെടുത്തിരുന്നു.

ജനുവരി 18 ന് മൈലളംപാറ ഇടവകയിൽ പണിത വീടിന്റെ വെഞ്ചരിപ്പും, താക്കോൽ ദാനവും അഭിവന്ദ്യ പിതാവ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. ഇടവക വികാരിയച്ചനും ബഹുമാനപ്പെട്ട സിസ്റ്റേഴ്സും താമരശ്ശേരി ഏരിയാ കൗൺസിൽ ഭാരവാഹികളും, സെൻട്രൽ കൗൺസിൽ ഭാരവാഹികളും തദവസരത്തിൽ പങ്കെടുത്തിരുന്നു.

ഡിസംബർ 12 ന് ദേവഗിരി ഓസാനാം ഭവനിൽ നടന്ന സെൻട്രൽ

കൗൺസിൽ യോഗത്തിൽ ഏരിയാ പ്രസിഡണ്ടുമാരുടേയും പ്രതിനിധികളുടേയും ബോർഡ് മെംബർമാരുടേയും സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ വിൻസെൻ ഷ്യൻ പ്രവർത്തനങ്ങൾ എന്ന വിഷയത്തെക്കുറിച്ച് പാറോപ്പടി ഫെറോന വികാരി റവ. ഡോ. ജോസ് വടക്കേടം സംസാരിച്ചത് സി സി മീറ്റിങ്ങിൽ പങ്കെടുത്തവർക്ക് വലിയ ആവേശമായി. മാസംതോറും നടക്കുന്ന ഏരിയാ കൗൺസിൽ മീറ്റിങ്ങുകളും കോൺഫ്രൻസ് മീറ്റിങ്ങുകളും സാധാരണ നിലയിലേക്ക് വന്നുകൊണ്ടിരിക്കുന്നു.

കൂടുതലും പ്രായമേറിയ പ്രവർത്തകരാൽ നിറഞ്ഞിരിക്കുന്ന സൊസൈറ്റിക്ക് ഊർജ്ജസ്വലത ലഭിക്കുന്നതിനായി കൂടുതൽ യുവജനങ്ങളെക്കൂടി അംഗങ്ങളാക്കുവാൻ തീരുമാനിക്കുകയും അതിനുവേണ്ടി എല്ലാ കോൺഫ്രൻസുകളിലും പ്രാർത്ഥന നടത്തുകയും ചെയ്തുവരുന്നു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

കോവിഡ് 19 ന്റെ വ്യാപനംമൂലം തൽക്കാലം നിർത്തിവച്ച കൗൺസി ലിംഗ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇപ്പോൾ നടത്തപ്പെടുന്നു.

### എം.എസ്.സി / ഡിപ്ലോമ കോഴ്സുകൾ

എം.എസ്.സി 1-ാം വർഷം, എം.എസ്.സി 2-ാം വർഷ ഡിപ്ലോമ എന്നീ കോഴ്സുകളുടെ എക്സാമിനേഷൻസ് ഓൺലൈൻ വഴി നടന്നുകൊണ്ടി രിക്കുന്നു.

### ഓൺലൈൻ ഡിപ്ലോമ (ഒരു വർഷം)

പുതിയ ബാച്ചിന്റെ അഡ്മിഷൻ തുടരുന്നു.

### Cpuple Enrichment Program

ഓൺലൈൻ ട്രെയിനിംഗ് പ്രോഗ്രാം ഫോർ കപ്പിൾസ് അഡ്മിഷൻ ആരംഭിച്ചു.

MSc / Diploma എല്ലാ ബാച്ചുകളുടെയും ക്ലാസ്സുകൾ മുടക്കം കൂടാതെ നടക്കുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## MTC Online Course

ജൂൺ 15 മുതൽ online ആയി ആരംഭിച്ച നമ്മുടെ ഏകവത്സര ഉന്നത വിദ്യാഭ്യാസ പരിശീലനം അതിന്റെ ഏറ്റവും പ്രധാന ഘട്ടത്തിലേക്ക് കടക്കുകയാണ്. START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾ മീറ്റ് വഴിയും ആശയ വിനിമയം നടത്താറുണ്ട്. പ്രത്യേകമായി കരിയർ ഗൈഡൻസ് ആവശ്യമുള്ള ഈ ഘട്ടത്തിൽ കുട്ടികളുടെ സംശയങ്ങൾ നേരിട്ട് സംസാരിച്ചു പരിഹരിക്കുന്നു. വിവിധ യൂണിവേഴ്സിറ്റികളിലേക്കുള്ള ഓൺലൈൻ ആപ്ലിക്കേഷൻ നടത്താൻ അവരെ സഹായിക്കുകയും ചെയ്യുന്നുണ്ട്.

## Online Entrance Coaching for Postgraduation (English)

2020 നവംബർ ഒന്നു മുതൽ ആരംഭിച്ച EFLU, JNU, Delhi University, Hyderabad, Pondicherry, CUCET, മറ്റു Central University കൾ എന്നീ യൂണിവേഴ് സിറ്റികളിലേക്ക് P G ഇംഗ്ലീഷ് അഡ്മിഷന് വേണ്ടിയുള്ള Online English Entrance Coaching മൂന്ന് മാസങ്ങൾ പിന്നിട്ടു വിജയകരമായി മുൻപോട്ട് പോകുന്നു. ഈ വർഷം ഡിഗ്രി മൂന്നാം വർഷം പഠിക്കുന്നവർക്കും ഡിഗ്രി കഴിഞ്ഞവർക്കും വേണ്ടിയാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്.

## Mini Master Online Course വിജയകരമായി പൂർത്തിയായി

ഓഗസ്റ്റ് ഒന്നുമുതൽ ആരംഭിച്ച മിനിമാസ്റ്റർ e-learning കോഴ്സ് ഒക്ടോബർ 31 ന് പൂർത്തിയാവുകയും തുടർന്ന് അതിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സ് നവംബർ 15 മുതൽ ആരംഭിക്കുകയും ചെയ്തു. 2021 ജനുവരി 15 ന് കോഴ്സ് പൂർത്തിയായി . ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, അടിസ്ഥാന ഗണിതം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നൽകപ്പെട്ടത്. സ്കൂളുകളിൽ എട്ടാം ക്ലാസ്സുമുതൽ പഠിക്കുന്ന നിരവധി കുട്ടികൾക്ക് ഈ കോവിഡ് കാലത്ത് ഈ കോഴ്സ് ഒത്തിരി ഉപകാരപ്പെട്ടു എന്ന് വിശ്വസിക്കുന്നു. പങ്കെടുത്ത എല്ലാവർക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും അഭിനന്ദനങ്ങൾ.

## ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ കോഴ്സ്

2021 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ 4 മാസം ദീർഘിക്കുന്ന ഇംഗ്ലീഷ് ഗ്രാമർ ഓൺലൈൻ കോഴ്സ് ആരംഭിച്ചു വിവിധ കോഴ്സുകളിൽ പഠിക്കുന്നവരും വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുമായവർക്ക് വേണ്ടിയാണ് ഈ കോഴ്സ് സംഘടിപ്പിച്ചത്. വിവിധ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ, പ്ലസ് ടു, ഡിഗ്രി , പി ജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനശേഷം ജോലിക്ക് ശ്രമിക്കുന്നവരുമായ യുവജനങ്ങൾ, പി. എസ്. സി. പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് ഒരു

ങ്ങിക്കൊണ്ടിരിക്കുന്നവർ തുടങ്ങി നൂറോളം പേർ ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. ഇംഗ്ലീഷ് ലോജിക്കൽ റീസണിങ് എന്നീ വിഷയങ്ങളാണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പങ്കെടുക്കുന്ന എല്ലാവർക്കും വിജയാശംസകൾ.

ഫോൺ നമ്പർ: 8590468035, 0495 2357843. e-mail: startindia@gmail.com

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## നാക് അക്രെഡിറ്റേഷൻ പരാമർശ് പ്രോഗ്രാം നടത്തി

നാക് അക്രഡിറ്റേഷന്റെ ഭാഗമായി പരാമർശ് സ്കീം പ്രവർത്തന വിലയിരുത്തൽ യോഗം നടന്നു. പരാമർശ് സ്കീമിൽ അൽഫോൻസ കോളേജിന്റെ മെന്റർ കോളേജായ ദേവഗിരി സെന്റ് ജോസഫ്സ് കോളേജിലെ ഐ ക്യു എ സി (I Q A C) ടീം അംഗങ്ങളുടെ നേതൃത്വത്തിലാണ് യോഗം നടന്നത്. വിവിധ ക്രൈറ്റീരിയ കോ-ഓഡിനേറ്റർമാർ അതാതു മേഖലകളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. മമ്പാട് M E S കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും റിസോഴ്സ് പേഴ്സണുമായ പി എ ലംസീർ അലി, ദേവഗിരി സെന്റ് ജോസഫ്സ് കോളേജിലെ ഐ ക്യു എ സി ക്രൈറ്റീരിയ കോ-ഓഡിനേറ്റർ ഡോ. ആഷ എന്നിവർ പ്രവർത്തനങ്ങൾ വിലയിരുത്തി ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. കോളേജിലെ മുഴുവൻ അധ്യാപകരും , അനധ്യാപകരും യോഗത്തിൽ പങ്കെടുത്തു. മാനേജർ റവ ഫാ. സ്കറിയ മങ്ങരയിൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ അധ്യക്ഷ്യം വഹിച്ചു. ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് വൈസ് പ്രിൻസിപ്പലും ഐ ക്യു എ സി ഡയറക്ടറുമായ റവ. ഫാദർ ആന്റോ നെല്ലാങ്കുഴിയിൽ, അൽഫോൻസ കോളേജ് ഐ ക്യു എ സി കോ-ഓഡിനേറ്റർ റവ. ഫാ. ജിയോ മാത്യു എന്നിവർ പ്രസംഗിച്ചു.

## വുമൺ ഡവലപ്മെന്റ് സെൽ

അൽഫോൻസ കോളേജിൽ പ്രവർത്തിക്കുന്ന വുമൺ ഡവലപ്മെന്റ് സെല്ലിന്റെ പ്രവർത്തങ്ങളുടെ ഭാഗമായി രണ്ടാം വർഷ ബികോം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നവംബർ 25 ന് സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ

ചെറുക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് സ്ത്രീകൾക്കെതിരെ ഉയർന്നുവരുന്ന അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ഒരു ബോധവത്കരണ വീഡിയോ നിർമ്മിച്ചു.

### ചാറ്റ് വിത്ത് നൂർ

അൽഫോൻസ കോളേജിലെ പ്രോ ഡിഫറന്റ്ലി ഏബിൾഡ് ക്ലബ്ബും, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ചാറ്റ് വിത്ത് നൂർ എന്ന പേരിൽ ഓൺലൈൻ ചാറ്റ് പ്രോഗ്രാം നടത്തി. ഭിന്നശേഷിക്കാരി ജനിച്ചുവെങ്കിലും ജീവിതത്തെ പോസിറ്റീവായി കാണുന്ന, തന്നെക്കാളും ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമായി പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന, അറിയപ്പെടുന്ന മോട്ടിവേറ്റീവ് സ്പീക്കർ കൂടിയായ നൂർ ജലീല ആണ് കുട്ടികളുമായി സംവദിച്ചത്. യുവജനങ്ങൾ സ്വയം തിരിച്ചറിയുകയും അവരുടെ കഴിവുകൾ സമൂഹത്തിനുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് നൂർ ജലീല തന്റെ ജീവിത അനുഭവങ്ങളിലൂടെ പങ്കുവെച്ചു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ സെമിനാറിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ദീപ ഡോമിനിക്, ആവണി എം. കെ, എയ്ഞ്ചൽ പി ഏലിയാസ് , സന ഫൈസൽ എന്നിവർ വെബിനാറിനു നേതൃത്വം നൽകി.

### ഇഗ് നൈറ്റ് 2020

തിരുവമ്പാടി അൽഫോൻസ കോളേജിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നവാഗതരെ സ്വാഗതം ചെയ്തു കൊണ്ട് ഇഗ്നൈറ്റ് 2020 എന്ന പേരിൽ ജീസസ് യൂത്ത് ഗൂഗിൾ മീറ്റ് സംഗമം നടത്തി. ക്രിസ്തുസ്നേഹത്തിൽ അടിയുറച്ച് സർവ്വസാഹോദര്യത്തിന്റെ വക്താക്കളായി തീക്ഷണതയുള്ള യുവത്വത്തെ ജീസസ് യൂത്തിലൂടെ വാർത്തെടുക്കുക എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു വെബിനാർ. റവ. ഫാ. റോബിൻ ചിറ്റൂപ്പറമ്പിൽ വെബിനാറിൽ ക്ലാസ്സെടുത്തു. മാനേജർ റവ ഫാ. സ്കറിയ മങ്ങരയിൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ അധ്യക്ഷ്യം വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. ഷെനീഷ് അഗസ്റ്റിൻ,ജീസസ് യൂത്ത് കോർ ടിം അംഗങ്ങളായ ജെനിറ്റിൻ ജോസഫ്, രമ്യ സി അലക്സ്, ആഞ്ജലിൻ, അനൈന മാർട്ടിൻ എന്നിവർ പ്രസംഗിച്ചു. എയ്ഞ്ചൽ പി ഏലിയാസ്, അനീഷ എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. വിവിധ വിഷയങ്ങളിൽ ചർച്ചകൾ, കലാപരിപാടികൾ എന്നിവയും നടന്നു.

### ACCA

കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ assimilation towards the concept of ACCA എന്ന വിഷയത്തെ ആസ്പദമാക്കി ഗൂഗിൾ മീറ്റ് നടത്തി. ISDC മേധാവി ആയ ശ്രീ. ശരത്ത് വേണുഗോപാൽ മുഖ്യാതിഥി ആയിരുന്നു. ഡിസംബർ 17 നു നടന്ന വെബിനാറിൽ നൂറിലധികം പേർ പങ്കെടുത്തു.

## പേപ്പർ പബ്ലിക്കേഷൻ

പി. ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് your goto- Guide to publish എന്ന വിഷയത്തിൽ ഡിസംബർ 23–ാം തിയ്യതി വെബിനാർ സംഘടിപ്പിച്ചു. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും റിസേർച്ച് ഗൈഡുമായ ഡോ. ശ്രാവണ മുഖ്യ പ്രഭാഷകയായിരുന്നു. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടന്ന വെബിനാറിൽ കൊമേഴ്സ് വിഭാഗത്തിലെ എല്ലാ അധ്യാപകരും പങ്കെടുത്തു.

## ക്രിസ്മസ് ആഘോഷം

അൽഫോൻസാ കോളേജിന്റെ 2020 വർഷത്തെ ക്രിസ്മസ് ആഘോഷം ജിംഗിൽ ബെൽസ് 2020 ഡിസംബർ 18ന് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ ജോൺ ഒറവങ്കര ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാദർ സ്കറിയ മങ്ങരയിൽ, പ്രിൻസിപ്പൽ ഡോക്ടർ കെ വി ചാക്കോ,വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, ബർണാഡ് ജോസ്, ദീപ ഡൊമിനിക്, എയ്ഞ്ചൽ പി ഏലിയാസ് എന്നിവർ സംസാരിച്ചു ഉദ്ഘാടന സമ്മേളനത്തിന് ശേഷം വിദ്യാർഥികൾക്കായി കരോൾ സോങ് മത്സരം, ക്രിസ്മസ് ക്വിസ് മത്സരം എന്നിവ ഓൺലൈനായി നടത്തി. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും ഭജിംഗിൾ ബെൽസ് 2020 ഭയിൽ പങ്കുചേർന്നു. കരോൾസോങ് മത്സരത്തിൽ ആഞ്ചലിൻ എ ഒന്നാം സ്ഥാനവും, ഡലോണിയ ജോസഫ് രണ്ടാം സ്ഥാനവും, സാന്ദ്ര ജോൺസൻ മൂന്നാം സ്ഥാനവും നേടി. ഷോൺ തങ്കച്ചൻ പ്രോത്സാഹന സമ്മാനത്തിനർഹനായി. വാശിയേറിയ ക്രിസ്തുമസ് ക്വിസ് മൽസരത്തിൽ അലൻ ക്രിസ്റ്റി സെബാസ്റ്റ്യൻ ഒന്നാം സ്ഥാനവും, സാന്ദ്ര മരിയ സെബാസ്റ്റ്യൻ രണ്ടാം സ്ഥാനവും സായന്തന പി എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി വുമൺ ഡവലപ്മെന്റ് സെൽ കോളേജ് വിദ്യാർത്ഥികൾക്കായി ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരവും, ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചു.വിസ്മയ സത്യൻ, ഡെൽബിൻ ജോസഫ് എന്നിവർ യഥാക്രമം സമ്മാനാർഹരായി. ഈ ആഘോഷങ്ങളുടെ മുന്നോടിയായി ഡിസംബർ 12,13 ദിവസങ്ങളിൽ ട്യൂട്ടർമാരുടെ നേതൃത്വത്തിൽ ക്ലാസടിസ്ഥാനത്തിൽ ആഘോഷം നടത്തുകയും ചെയ്തു.

## സ്നേഹാലയത്തിൽ കാരുണ്യ ക്രിസ്മസ് ആഘോഷം

താമരശ്ശേരി കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ തിരുവമ്പാടി അൽഫോൻസ കോളേജ് കൊമേഴ്സ് വിഭാഗത്തിന്റെയും സെന്റ് ഇഗ്നേഷ്യസ് കുടുംബ യൂണിറ്റിന്റെയും സഹകരണത്തോടെ തിരുവമ്പാടി സ്നേഹാലയത്തിൽ കാരുണ്യ ക്രിസ്മസ് ആഘോഷം നടത്തി. ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പങ്കുവെയ്ക്കലിന്റെ സന്തോഷം പകരുമ്പോഴാണ് ക്രിസ്മസ് ആഘോഷം അർത്ഥമുള്ളതാകുന്നതെന്ന് ബിഷപ്പ് പറഞ്ഞു.

വിൻസന്റ് ഡി. പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ അന്തേവാസികൾക്കും വസ്ത്രങ്ങളും കേക്കും നൽകി. രൂപത ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ, ഫൊറോന വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ , പഞ്ചായത്ത് പ്രസിഡന്റ് ലിസി മാളിയേക്കൽ, കുടുംബ കൂട്ടായ്മ രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ സി. ആർ ജോളി റോസ്, സി. മരിയ , സാനി തോമസ് എന്നിവർ നേതൃത്വം നൽകി. അൽഫോൻസ കോളേജിലെ കുട്ടികൾ കരോൾ ഗാനം ആലപിക്കുകയും, കലാപരിപാടികൾ നടത്തുകയും ചെയ്തു.

## കംപാഷനേറ്റ് യൂത്ത് പാലിയേറ്റീവ് കെയർ

അൽഫോൻസാ കോളേജിലെ പാലിയേറ്റീവ് കെയർ ഫോറവും CSS ഉം ചേർന്ന് വിദ്യാർഥികൾക്കായി കംപാഷനേറ്റ് യൂത്ത് പാലിയേറ്റീവ് കെയർ എന്ന വിഷയത്തിൽ നവംബർ 24ന് വെബിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.ചാക്കോ കെ. വി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ പി എം വോളണ്ടിയറായ ശ്രീ പ്രകാശ് മാത്യുവാണ് സെമിനാർ നയിച്ചത്. സെമിനാറിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് എച്ച് ഒ ഡി. സാനമ്മ പി വി, അമന്റ ഷാജി, അലക്സ് ബെന്നി എന്നിവർ സംസാരിച്ചു.

## ബെക്ക് കോഴ്സ്

കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ട്രിൻ എന്ന ഓർഗനൈസേഷൻ നടത്തുന്ന ബിസിനസ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിനെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകന്നതിനായി മിസ്സ് അപർണ നായരുടെ നേതൃത്വത്തിൽ വെബിനാർ നടത്തി. മത്സരം നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ഇംഗ്ലീഷിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇംഗ്ലീഷ് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചും ഈ കോഴ്സിലൂടെ ലഭിക്കുന്ന കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റിന്റ പ്രാധാന്യത്തെക്കുറിച്ചും കുട്ടികളെ ബോധവത് ക്കരിച്ചു. മിസ്സ് ദീപ ഡോമിനിക് ആശംസയും മിസ് ഷീബമോൾ ജോസഫ് നന്ദിയും പറഞ്ഞു. അൽഫോൻസ കോളേജ് പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ, വൈസ് പ്രിൻസിപ്പൽ റവ. ഫാദർ ഷെനീഷ് അഗസ്റ്റിൻ മറ്റു അധ്യാപകർക്കും പുറമേ 100 ൽ അധികം വിദ്യാർത്ഥികളും ,രക്ഷിതാക്കളും പങ്കെടുത്തു.

## കരിയർഗൈഡൻസ് വെബിനാർ

മനശാസ്ത്ര വിഭാഗത്തിന്റെയും കരിയർ പ്ളെയ്സ്മെന്റ് സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് വെബിനാർ നടത്തി. ആധുനീക മനശാസ്ത്രത്തിന്റെ അനന്ത സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കിയാണ് വെബിനാർ സംഘടിപ്പിച്ചത്. പ്രമുഖ മനശാസ്ത്ര വിദഗ്ധനും പ്രശസ്ത കരിയർ പരിശീലകനുമായ റിയാസ് റൂമി വെബിനാർ നയിച്ചു.പ്രിൻസിപ്പൽ ഡോ: K V ചാക്കോ വെബിനാർ ഉദ്ഘാടനം ചെയ്തു.വൈസ് പ്രിൻസിപ്പൽ റവ.ഫാ

ഷെനിഷ് അഗസ്റ്റിൻ വെബിനാറിൽ അധ്യക്ഷത വഹിച്ചു.കോളേജിലെ മനശാസ്ത്ര വിഭാഗം മേധാവി ഡോ: V G ഗിതിൻ, അദ്ധ്യാപകരായ സ്നേഹ മാത്യൂ, M K ആവണി, അജീന ജോസഫ്, വിദ്യാർത്ഥി പ്രതിനിധി ഗോപിക അശോക് V V എന്നിവർ പ്രസംഗിച്ചു.

## ജി എസ് റ്റി -അവലോകനം

കൊമേഴ്സ് ഡിപ്പാർട്ടമെന്റിന്റെ ആഭിമുഖ്യത്തിൽ ജനുവരിമാസം മൂന്നാം തിയ്യതി മൂന്ന് വർഷത്തെ ജി എസ് ടി യുടെ വാഴ്ച ഒരു വിമർശനാത്മക അവലോകനം എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ നടത്തി. ബാഗ്ലൂരു ക്രിസ്തു ജയന്തി കോളേജിലെ മാനേജ്മെന്റ് വിഭാഗം തലവൻ ഡോ. എം. ബേബിയാണ് ക്ലാസ് നടത്തിയത്. കൊമേഴ്സ് വിഭാഗം മേധാവി മിസ് സാനമ്മ പി വി സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ: K V ചാക്കോ ക്ലാസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അധ്യാപകരായ ആൻ മരിയ ജോസഫ്, ഡിയോൺ ബബ്ലു തോമസ് എന്നിവർ സംസാരിച്ചു.

## Scholar to Author

അൽഫോൻസ കോളേജിലെ മനഃശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗവേഷണങ്ങൾ ചെയ്യാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ Scholar to Author എന്ന പേരിൽ വെബിനാർ നടത്തി. തൃശൂർ വിമല കോളേജിലെ സ്റ്റാറ്റിസ്റ്റിക്ക്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെറിൻ പോൾ ക്ലാസ്സുകൾ നയിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. ഗിതിൻ വി. ജെ. സ്വാഗതം ആശംസിച്ചു. അധ്യാപകരായ ആവണി, അജീന എന്നിവർ സംസാരിച്ചു. വിവിധ കോളേജുകളിലെ അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും പ്രോഗ്രാമിൽ പങ്കെടുത്തു.

## വെർച്ചൽ പൂർവ്വവിദ്യാർത്ഥി സംഗമം

2016-19 ബി കോം ഫിനാൻസ് ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമം ജനുവരി 17 ന് ഗൂഗിൾ മീറ്റ് വഴി നടന്നു. പ്രിൻസിപ്പൽ ഡോ: K V ചാക്കോ വെബിനാർ ഉദ്ഘാടനം നടത്തി. വൈസ് പ്രിൻസിപ്പൽ റവ.ഫാ. ഷെനിഷ് അഗസ്റ്റിൻ ആശംസകൾ അർപ്പിച്ചു. മിസ് സാനി തോമസ്, മിസ് ധന്യ കെ, മിസ് ഷിജി ഫ്രാൻസിസ് വിദ്യാർത്ഥികളായിരുന്ന ഷാരോൺ ജോളി, അതുൽ ഡോമിനിക്, മുഹമ്മദ് അനസ് തുടങ്ങിയവർ സംസാരിച്ചു. ഇരുപത്തിരണ്ട് പേർ പങ്കെടുത്ത് തങ്ങളുടെ അനുഭവം പങ്കുവെച്ചു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# അജപാലനക്കുറിപ്പുകൾ

ജനുവരി 2021

01 രാവിലെ, വാലില്ലാപ്പുഴ സഭാപുത്രികളുടെ മഠത്തിൽ വി. കുർബാന യർപ്പിച്ചു.

തോട്ടുമുക്കം ഇടവകയിൽ പുതുക്കിപ്പണിത പാരിഷ് ഹാൾ വെഞ്ചരിച്ചു.

തോട്ടുമുക്കം ഇടവകയിൽ സലേഷ്യൻ സന്യാസസമൂഹാംഗമായ മ്ശംശാന ജോസഫ് ചേബ്ലാനിക്കലിന് പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ്, ചേവായൂർ ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകിയ മൂന്ന് ഭവനങ്ങൾ വെഞ്ചരിച്ചു.

02 രാവിലെ, ഇരിങ്ങാലക്കുട രൂപതയിലെ കൊന്നക്കുഴിയിലുള്ള എം.സി. ബി.എസ്. ആശ്രമം സന്ദർശിച്ചു.

ഇരിങ്ങാലക്കുട രൂപതയിലെ ചായ്പ്പാംകുഴി ഇടവകയിൽ സി.എം. ഐ. സഭാംഗമായ മ്ശംശാന ആന്റണി കളപ്പുരക്കലിന് പൗരോഹി ത്യപട്ടം നല്കി.

വൈകുന്നേരം, അശോകപുരം ഇടവകയിൽ പുതുതായി നിർമ്മിച്ച കൊടിമരവും കൽക്കുരിശും വെഞ്ചരിച്ചു. ഇടവകതിരുനാളിന് കൊടിയേറ്റ് നടത്തുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

അശോകപുരം ഇടവകയിലെ പാരിഷ് ഹാളിൽ എ.കെ.സി.സി.യുടെ നേതൃത്വത്തിൽ, തദ്ദേശ തിരഞ്ഞെടുപ്പിൽ കോഴിക്കോട് കോർപ്പറേ ഷൻ കൗൺസിലിലേക്ക് വിജയിച്ച ക്രൈസ്തവരെ വരെ ആദരി ക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

03 രാവിലെ, കുറ്റിപ്പുറം ഇടവകയിൽ വി. യൗസേപ്പിതാവിന്റെ വർഷം ഉദ്ഘാടനം ചെയ്ത് വി. കുർബാനയർപ്പിക്കുകയും ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കുകയും ചെയ്തു.

ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓൺലൈനായി സംഘടിപ്പിച്ച എസ്.ഡി. സന്യാസിനികളുടെ മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, സി.എം.ഐ. സഭയുടെ ഹൈദരബാദ് പ്രൊവിൻ സിന്റെ പ്രൊവിൻഷ്യാൽ ബഹു. ജോഷി പഴുക്കാത്തറ സി.എം.ഐ. യെ രൂപതാഭവനിൽ സ്വീകരിച്ചു.

04 രാവിലെ, പശുക്കടവ് എസ്.എച്ച്. കോൺവെന്റ് ചാപ്പലിലെ പുതിയ അൾത്താര കൂദാശ ചെയ്ത് വി. കുർബാനയർപ്പിച്ചു.

കൂരാച്ചുണ്ട് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

എ.കെ.സി.സി.യുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ 'കൃഷിയുടെ വർഷം' ഉദ്ഘാടന പരിപാടിയിൽ സംബന്ധിച്ചു.

06 രാവിലെ, മുതുകാട് ഇടവകയിൽ എം.എസ്.എഫ്.എസ്. സന്യാസ സമൂഹാംഗമായ മ്ശംശാന ജോസഫ് പൈനാപ്പിള്ളിയ്ക്ക് പൗരോ ഹിത്യപട്ടം നല്കി.

ഉച്ചകഴിഞ്ഞ്, പുതുപ്പാടി ഇടവകയിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫിലിപ്പ്നേരി ഓഫ് താമരശ്ശേരി എന്ന സന്യാസിനി സമൂഹത്തെ രൂപതാപദവിയുള്ള കോൺഗ്രിഗേഷനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ വർഗീസ് ചക്കാലയ്ക്കൽ പിതാവിനോടൊപ്പം വി. കുർബാനയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ്നേരി ജനറലേറ്റിൽ സന്യാസിനി കളുമായുള്ള ഒരു യോഗത്തിൽ സംബന്ധിച്ചു.

07 രാവിലെ, അമലാപുരി ഇടവകയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

മുക്കം ഇടവകയിൽ ഒരു വിവാഹവാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

അൽഫോൻസ സ്കൂൾ ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ താമരശ്ശേരി രൂപതയുടെ കീഴിലുള്ള ഇടവകകളിൽ നിന്ന് ഈ വർഷം പൗരോഹിത്യം സ്വീകരിച്ച വൈദി കരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. അതോടൊപ്പം വിവാഹിത രായ കെ.സി.വൈ.എം. ഭാരവാഹികൾക്ക് സ്വീകരണം നല്കി.

08 രാവിലെ, അൽഫോൻസ കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

09 ദീപികയുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ ദീപിക, ഇടവക പ്രതിനിധികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

10 ഒറവുംപുറം ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി, വി. കുർബാനയർപ്പിച്ചു. ഏതാനും കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണവും നടത്തി.

11 രാവിലെ, താമരശ്ശേരി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഭവന ത്തിൽ ആരാധന സന്യാസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ഗ്രേസിന്റെ സന്ദർശനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

താമരശ്ശേരി എം.സി.ബി.എസ്. മേജർ സെമിനാരിയിൽ പഠിച്ച് വൈദികരായ നവവൈദികരെ രൂപതാഭവനിൽ സ്വീകരിച്ചു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ വച്ച് നടന്ന കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

11–16 ഓൺലൈനായി നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

12 ഉച്ചകഴിഞ്ഞ്, തിരുവമ്പാടി തിരുഹൃദയ ദൈവാലയത്തിൽ സി.എം. സി. സന്യാസിനി സമൂഹത്തിന്റെ മുൻപ്രൊവിഷ്യൽ സുപ്പീരിയർ പരേതയായ സി. ബിന സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് നേതൃത്വം നല്കി.

13 രാവിലെ, അഗസ്ത്യമൂഴി സെന്റ് ജോസഫ് ആശുപത്രിയിൽ പുതിയ ട്രെയിനിംഗ് സെന്റർ വെഞ്ചരിച്ചു.

14 രാവിലെ, തലശ്ശേരി കത്തീഡ്രലിലെത്തി, നിര്യാതനായ ബഹു. ജോസഫ് മുരിയൻവേലി അച്ചന് ഓപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വിലങ്ങാട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

15 രാവിലെ, താമരശ്ശേരി മൈനർ സെമിനാരിയിൽ വി. കുർബാന യർപ്പിച്ചു.

16 രാവിലെ, കൂടരഞ്ഞി ഇടവകയിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തി പിന്നീട്, നിർമ്മിതിയിലുള്ള പുതിയ ദൈവാലയത്തിന്റെ പ്രധാന വാതിൽ വെഞ്ചരിക്കുകയും സ്ഥാപിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് മലബാർ പാലസ് ഹാളിൽ നടന്ന മിസോറാം ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻപിള്ളയുടെ 'ഓർമ്മയിലെ വീരേന്ദ്രകുമാർ' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

17 താവളം, സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സന്ദർശനം നടത്തി.

കോയമ്പത്തൂർ കൗണ്ടൻപാളയം, സെന്റ് ജോസഫ്സ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും, വി. യൗസേപ്പിന്റെ വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

18 രാവിലെ താഴേക്കോട് ക്രിസ്തുദാസി കോൺവെന്റിൽ പുതിയ ബലിപീഠം കൂദാശ ചെയ്തു.

താഴേക്കോട് ഇടവകയിൽ രണ്ടു കുടുംബങ്ങളിലെ നാലാമത്തെ കുഞ്ഞുങ്ങൾക്ക് പ്രാരംഭകൂദാശകൾ നല്കി.

മൈലള്ളാംപാറ ഇടവകയിൽ വിൻസെന്റ് ഡി പോൾ സംഘടന നിർമ്മിച്ചുകൊടുത്ത ഒരു ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ ഒ.എഫ്.എം. കപ്പൂച്ചിൻ ബാംഗ്ലൂർ പ്രൊവിൻഷ്യൽ റവ. ഫാ. പ്രവീൺ ഹെന്റ്രി ഡിസൂസയെ സ്വീകരിച്ചു.

വൈകുന്നേരം, മേരിക്കുന്ന് നിർമ്മല ആശുപത്രിയിൽ ബഹു. പോൾ പുത്തൻപുരയച്ചന് രോഗീലേപനം നൽകി

19 രാവിലെ, മേരിക്കുന്ന് ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുന്ന ബഹു. ഫ്രാൻസിസ് നടുവത്തേട്ട് അച്ചനെ സന്ദർശിക്കുകയും ജന്മദിനാശംസകൾ നേരുകയും ചെയ്തു.

കുണ്ടായിത്തോട് ഇടവകയിൽ, നിര്യാതനായ ശ്രീ. ബാബു പാണങ്ങലിന്റെ 47-ാം ചരമദിനത്തിൽ അദ്ദേഹത്തിനുവേണ്ടി വി. കുർബാനയർപ്പിച്ചു.

20 രാവിലെ, താമരശ്ശേരി കത്തീഡ്രലിൽ 23 കുട്ടികൾക്ക് ആദ്യകുർബാനയും ഏതാനും കുട്ടികൾക്ക് സ്ഥൈര്യലേപനവും നൽകി.

21 രാവിലെ, വാലില്ലാപ്പുഴ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

22-23 മലബാർ മേഖലയിലെ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

24 രാവിലെ, കല്ലാനോട് ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

താമരശ്ശേരി രൂപതയിൽ നിന്ന് കെ.സി.വൈ.എം. സംസ്ഥാന കലോൽസവത്തിൽ വിജയിച്ചവരെ രൂപതാഭവനിൽ ആദരിച്ചു.

25 രാവിലെ, നൂറാംതോട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, താമരശ്ശേരി എം.എസ്.എഫ്.എസ്. മൈനർ സെമിനാരിയിൽ വി. ഫ്രാൻസിസ് സാലസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.


26 രാവിലെ, താമരശ്ശേരി സനാതന എം.സി.ബി.എസ്. മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

27 രാവിലെ, പൊയിലോംചാൽ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രരംഭകൂദാശകൾ നൽകി.

28 രാവിലെ, മലാപറമ്പ് എഫ്.സി.സി. സന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു.

30 കുണിഞ്ഞി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.





# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദേ'യുടെ സമാപനത്തിലെ പ്രാർത്ഥന)

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-01-2021 |




....... അനുതാപ കണ്ണുനീർ വീഴ്ത്തി - പാപ
പരിഹാരം ചെയ്തു കൊൾക നീ.


Printed & Published by Fr. Abraham Kavilpurayidathil, Bishop’s House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.